# 4
# കഷ്ടത സഹിക്കുന്ന ജനമായി
# (ഭാഗം 1)
## (2:11- 25)

പഴയനിയമ ഏർപ്പാടുകളിലധികവും ദേശിയവും യിസ്രായേലിനുള്ള ദേശ വാഗ്ദാനവുമായിരുന്നു, എങ്കിലും, 1 പത്രൊസിന്റെ ലേഖനത്തിൽ മാതൃദേശ ത്തിന്റെ പ്രത്യാശാരാഹിത്യത്തെ കാണുമ്പോൾ നാം അതിശയിച്ചുപോകും. അബ്രഹാം കനാനിൽ അലഞ്ഞുതിരിയുന്നവനായിരുന്നു. ക്രിസ്ത്യാനികൾ ദേശത്തുകൂടെ കടന്നുപോകുന്നവർ മാത്രമാണ്. പത്രൊസ് സംബോധന ചെയ്തവർ ഈ ഉപഗ്രഹത്തിലെ താൽക്കാലിക വാസികളായിരുന്നു, ഭൂമി യിൽ അതിഥികളായിരുന്നു.

### "പ്രവാസികളും പരദേശികളും"
### (2:11, 12)

**11പ്രിയമുള്ളവരെ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവി നോടുപോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്ര വൃത്തിക്കാർ എന്നു ദുഷിക്കുമ്പോറും 12നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ട് സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്ന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.**

**വാക്യം 11.** ഈ സമയത്ത് ലേഖനത്തിന്റെ രീതിയിൽ മാറ്റം വരുത്തി. ക്രിസ്ത്യാനിയാകുക എന്നതിന്റെ അർത്ഥം തന്റെ വായനക്കാർക്ക് മനസി ലാക്കി കൊടുത്തശേഷം, അവസാനം അതിന്റെ പ്രായോഗികത പത്രൊസ് പ്ര ബോധിപ്പിക്കുവാൻ തുടങ്ങി. **ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. ദുർന്നടപ്പിന്റെ ആധിക്യം, പ്രത്യേകിച്ച് ലൈംഗിക ദുർന്നടപ്പ്, ഗ്രീക്ക്-റോമാ സംസ്ക്കാരത്തിൽ നിറഞ്ഞിരിക്കെ, ക്രിസ്ത്യാനികൾ പാപത്തിൽ വീഴാതെ, ദൈവ വചനം ആവശ്യപ്പെടുന്ന വിശുദ്ധിയിൽ ജീവി ക്കുവാൻ പാടു പെടുന്ന സാഹചര്യമായിരുന്നു (4:1, 2). എളുപ്പത്തിൽ വിട്ടു കളയാവുന്ന ഒന്നല്ല ജഡികമായ അഭിലാഷങ്ങൾ. അവരുടെ പൗരത്വം ഈ ലോകത്തിലല്ല എന്ന് പത്രൊസ് അവരെ വീണ്ടും ഓർപ്പിച്ചു. ലോകത്തിലാണ് അവർ ജീവിക്കുന്നതെങ്കിലും അവർ ലോകത്തിനുള്ളവരല്ല എന്ന് അവന്റെ വായനക്കാർ തിരിച്ചറിയണമായിരുന്നു. അവർ താമസിക്കുന്ന പ്രദേശത്തുനി ന്നു കടന്നു പോകുന്ന **പ്രവാസികളും പരദേശികളും** ആയിരുന്നു. അവർ അങ്ങനെയായതിനാൽ, ലോകത്തിലുള്ളവർ അവരെ ഉപദ്രവിക്കുവാൻ തുട ങ്ങി. ലോകം അവരെ പകച്ചേക്കാം, ദൈവത്തിനും, പത്രൊസിന്നും, അവരുടെ

സഹോദരീസഹോദരന്മാർക്കും അവർ **പ്രിയപ്പെട്ടവർ** ആയിരുന്നു.

ക്രിസ്ത്യാനികൾ "തിരഞ്ഞെടുക്കപ്പെട്ടവരും," "പ്രിയപ്പെട്ടവരും" ആയിരുന്നു, അതേ സമയം അവർ "പ്രവാസികളും, പരദേശികളും" ആയിരുന്നു. അവരുടെ മാതൃദേശം സ്വർഗം ആണ്. 1:1-ൽ പത്രൊസ് തന്റെ വായനക്കാരെ "പരദേശികൾ" എന്നാണ് വിളിച്ചത്. എന്നാൽ അത് *പാരപിഡേമോസ്* എന്ന ഗ്രീക്ക് വാക്കിന് സമമാണ്, എൻഏഎസ്ബി ഈ വാക്യത്തിൽ തർജിമ ചെയ്തിരിക്കുന്നത് "അന്യർ" എന്നാണ്. അതേ വാക്ക് ഒരാൾ തർജ്ജിമ ചെയ്തിരിക്കുന്നത് "പരദേശികൾ" എന്നാണ്, "ഭൂമിയിലെ വാസം" എന്നാണ് 1:17-ൽ ഉള്ളത്. പഴയ നിയമത്തിലെ ദേശം കൈവശമാക്കുന്ന പ്രാധാന്യം പുതിയനിയമത്തിൽ ഇല്ല, അതേ സമയത്ത് ക്രിസ്ത്യാനികൾ ജീവിക്കുന്ന ദേശത്തോട് അവർക്ക് ഉത്തരവാദിത്തമുണ്ട് എന്നത് വാസ്തവമാണ്. ക്രിസ്ത്യാനികളുടെ വേരുകൾ, അവർ താമസിക്കുന്ന സ്ഥലത്ത് വേരൂന്നിയിരിക്കുകയാണ്. ദൈവം ലോകത്തെ സൃഷ്ടിച്ച് നല്ലതായി കണ്ടു എന്നു അവർക്ക് അറിയാം. സൃഷ്ടിക്കപ്പെട്ട ക്രമത്തെ സൂക്ഷിക്കുവാൻ ക്രിസ്ത്യാനികൾക്ക് ഉത്തരവാദിത്തമുണ്ട്. നല്ല ഗവൺമെന്റിന് അവർ സംഭാവന ചെയ്തു നിലനിർത്തണം. നിസഹായർക്കും സഹായം ആവശ്യമുള്ളവർക്കും അവർ നീതി ലഭ്യമാക്കണം.

മനുഷ്യസമൂഹത്തിന് സംഭാവന ചെയ്യുവാനുള്ള കടമയിൽനിന്ന് ക്രിസ്ത്യാനികൾക്ക് ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. അതേസമയത്ത്, പഴയ ഗാനത്തിൽ പാടുന്നത് ക്രിസ്ത്യാനികൾ ഓർമ്മിക്കണം, അതായത്, "നാം ഇവിടെ ആയിരിക്കുന്നത് തീർത്ഥാടകരായിട്ടാണ്"[1]. ചാൾസ് എച്ച്. എച്ച്. സ്കോബി നന്നായി നിരീക്ഷിച്ചു, "തീർത്ഥാടകരായി അവരെ വിളിച്ചിരിക്കുന്നതും തിരുവെഴുത്തിൽ ദൈവജനം വേരൂന്നിയിരിക്കുന്നതും തമ്മിൽ നിരന്തരമായ സംഘർഷം അനുഭവപ്പെടുന്നത് കാണാം."[2] പഴയനിയമ കാലത്തുണ്ടായ സംഘർഷത്തിൽനിന്നും പുതിയനിയമത്തിലുള്ളവർക്ക് കുറവ് ഒന്നുമില്ല.

ലോകത്തിൽ ഒന്നാം നൂറ്റാണ്ടിൽ മദ്ധ്യധരണ്യാഴിക്കടുത്തുള്ളവരുടെ രാഷ്ട്രീയ സഖ്യം പട്ടണത്തോടായിരുന്നു അല്ലാതെ ദേശത്തോടായിരുന്നില്ല. പൗരന്മാർ, പ്രത്യേകിച്ച് സ്വാധീനമുള്ളവർ തങ്ങളുടെ പട്ടണത്തിൽ അഭിമാനം കൊണ്ടിരുന്നു.[3] റോമാക്കാർ വരുന്നതിനു മുൻപ് ജനാധിപത്യരായിരുന്ന പട്ടണങ്ങളിലെ പൗരന്മാർക്ക് തുല്യമായ വോട്ടവകാശമാണ് ഉണ്ടായിരുന്നത്. പൗരന്മാർക്ക് പുറമെ, ഒരു പട്ടണത്തിൽ, പൗരന്മാര-ല്ലാതെ താമസിക്കുന്നവരും ഉണ്ടായിരുന്നു. കച്ചവടക്കാരും മറ്റും തലമുറകൾവരെ താമസിക്കാറുണ്ട്. ഇപ്പോഴും അവർ പൗരന്മാര-ല്ലാത്തവരാണ്. വാതിൽക്കൽ ഉള്ളവരെയാണ് പത്രൊസിന്റെ വാക്കുകളിലെ "പ്രവാസികളും, പരദേശികളും." പത്രൊസ് തന്റെ വായനക്കാരെ ഉപയോഗിച്ച വാക്കുകൾ (1) പഴയ നിയമത്തിൽ ഉപയോഗിച്ച വാക്കുകളിൽനിന്ന് (1:17 ന്റെ പരാമർശം നോക്കുക), പിന്നെ (2) ആനുകാലിക ലോകത്തിൽ ആ വാക്കുകൾ പൊതുവിൽ ഉപയോഗിച്ചിരിക്കുന്നതിൽനിന്ന്.

ആ ജനത്തിന്റെ പൗരത്വം സ്വർഗത്തിൽ ആകയാൽ, പത്രൊസിന്റെ വായനക്കാർ **ജഡമോഹത്തിൽനിന്നകന്നു** കഴിയണമായിരുന്നു. ജെ. രാംസെ മൈക്കിൾസ് ആ പ്രയോഗം തർജ്ജിമ ചെയ്തിരിക്കുന്നത് "സ്വാഭാവികമായ ആവേശങ്ങളെ നിരാകരിക്കുക" എന്നാണ്.[4] എല്ലാ "സ്വാഭാവികമായ ആവേശങ്ങളും" ദോഷമുള്ളതാണ് എന്ന് പത്രൊസിന്റെ വാക്കുകൾ പറയുന്നില്ല. ആഹാരത്തിനുള്ള ആഗ്രഹം, സ്വയ-പര്യാപ്തത, ലൈംഗികപ്രകടനങ്ങൾ എന്നിവ അതിൽ തന്നെ തെറ്റുള്ളവയല്ല. മറ്റുള്ളവരുടെ ചെലവിൽ അത്

തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുമ്പോഴാണ് ജഡിക മോഹമായി തീരുന്നത്. ലൈംഗിക ദുർന്നടപ്പ് അടക്കമുള്ള "ജഡികമോഹങ്ങൾ" നിരാകരിക്കേണ്ട താണ്, എന്നാൽ **ആത്മാവിനെതിരായി പോരാടുന്ന** മറ്റ് ആഗ്രഹങ്ങളുമുണ്ട്. അപ്പൊസ്തലൻ അവയിൽ ചിലത് മുൻപ് പറയുകയുണ്ടായി (2:1 നോക്കുക). പൗലൊസ് എഴുതി, "ജഡാഭിലാഷം ആത്മാവിന്നും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു" (ഗലാ. 5:17).

ലോകത്തിൽ പൗരത്വമുള്ളവർ ജഡാഭിലാഷങ്ങൾക്കും ഭോഗാസക്തിക്കും മറ്റുള്ളവരിൽ ശക്തി ഉപയോഗിക്കുവാനും ശ്രമിക്കും. എന്നാൽ വിശ്വാസികൾ മറ്റുള്ളവരുടെ ചെലവിൽ സ്വയതൃപ്തി വരുത്തുവാനും ജഡികമായ ആവേശം നിവർത്തീകരിക്കുവാനും ശ്രമിക്കും. പത്രൊസ് ഒരുപക്ഷെ ഉപദ്രവിക്കപ്പെട്ട തന്റെ വായനക്കാർക്കായിരിക്കാം ഈ പ്രബോധനങ്ങൾ നൽകുന്നത്. ലോക ത്തുള്ള ആളുകൾ ചെയ്യുന്ന അതേ പ്രവൃത്തികൾ ചെയ്യുന്നു എന്ന ആരോപ ണം അവരെ കുറിച്ച് പറയാതിരിപ്പാനാണ് അവൻ ആഗ്രഹിച്ചത്.

ഏകവചനത്തിൽ ഇപ്പോൾ മാത്രമാണ് 1 പത്രൊസിന്റെ ലേഖനത്തിൽ ആത്മാവിനെ പറഞ്ഞിരിക്കുന്നത്. പുതിയനിയമത്തിൽ "ആത്മാവിനെ" (*സൂക്കെ*) ഒരു "വ്യക്തി" ആയിട്ടല്ലാതെ ഉപയോഗിച്ചിട്ടില്ല (ഉദാഹരണമായി, നോക്കുക, പ്രവൃത്തികൾ 2:43, അവിടെ എൻആർഎസ്‌വി തർജ്ജിമ ചെയ്തി രിക്കുന്നത്, "അതിശയം, എല്ലാവരുടെ മേലും വന്നു"). ഒരിക്കൽ യേശു ശരീ രത്തിനെതിരായി ആത്മാവിനെ പറഞ്ഞു: "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട" (മത്താ. 10:28). ചില സമ യത്ത് "ആത്മാവിനേയും," "ജീവനേയും" അടുത്ത ബന്ധത്തിൽ ഉപയോഗിച്ചി ട്ടുണ്ട്. ഇവിടെ പത്രൊസ് "ആത്മാവ്" ഉപയോഗിച്ചിരിക്കുന്നത് മാനുഷ്യസ്വഭാവം ദൈവികമാക്കി മാറ്റുവാൻ പറയുന്നതാണെന്നു തോന്നുന്നു. ആത്മാവ് എന്നു പറയുന്നത് "ജഡിക മോഹം" ജഡത്തിൽനിന്ന് വേറിട്ടു നിൽക്കാത്തതുപോ ലെ, ശരീരത്തിൽനിന്ന് വേറിട്ടു നിൽക്കുന്ന ഒരു സത്ത അല്ല.

**വാക്യം 12**. 1 പത്രൊസ് 2:12 ഉം 3:16 ഉം തമ്മിലുള്ള സമാനത പ്രാധാന്യം അർഹിക്കുന്നതാണ്. തന്റെ വായനക്കാരുടെ ജീവിത രീതിയും **പെരുമാറ്റവും** (*അനാസ്ട്രോഫെ*) സംബന്ധിച്ച് ലേഖനത്തിലുടനീളം അപ്പൊസ്തലന് കരുത ലുള്ളതായി കാണാം (1:14–19). അവർക്ക് ചുറ്റുമുള്ള അന്യദേവന്മാരെ നമസ്ക്ക രിക്കുന്നവരുടെ ഇടയിൽ തന്റെ വായനക്കാരുടെ പെരുമാറ്റം നന്നായി കാണു വാനാണ് അപ്പൊസ്തലൻ ആഗ്രഹിച്ചത്. നിയമവിദഗ്ധരുടെ ഒരു സുഭാഷിതം, "നിയമം നീതിയായാൽ മാത്രം പോരാ, അത് നീതിയായി കാണപ്പെടണം" എന്നാണ്. കാണുന്നത് കാര്യമാണ്. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ കാഴ്ച്ചയിൽ സഭ എങ്ങനെയായിരിക്കണം എന്ന കാര്യത്തിൽ പൗലൊസും കരുതലുള്ളവനായിരുന്നു (1 കൊ. 10:32; കൊലൊ. 4:5). ഇതിൽ നിന്നു വ്യത്യ സ്തമായി യേശു പറഞ്ഞിരിക്കുന്നു, "മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതി അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ" (മത്താ. 6:1). നീതി പൂർവ്വമായ പെരുമാറ്റം ചിലപ്പോൾ ദൈവത്തിനു മഹത്വം കൊടുക്കുന്നതിനു പകരം സ്വയം മഹത്വം സ്വീകരിക്കുന്ന അവസ്ഥയിലേക്ക് പെരുമാറ്റം മാറു വാൻ സാധ്യതയുണ്ട്. തന്റെ വായനക്കാരുടെ **നടപ്പ് ജാതികളുടെ ഇടയിൽ നന്നായിരിക്കണം** എന്നു പത്രൊസ് പറഞ്ഞപ്പോൾ അത് ദൈവത്തിനു മഹത്വം കൊടുക്കുന്നതായിരിക്കണം എന്നാണർത്ഥം.

"ജാതികൾ" എന്ന വാക്ക് ഒരു യെഹൂദൻ ഉപയോഗിക്കുമ്പോൾ, യെഹൂ

ദനല്ലാത്തവർ എന്നാണർത്ഥം. ആ അർത്ഥത്തിലാണ് സുവിശേഷങ്ങളിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് (ഉദാഹരണത്തിന്, മത്താ. 10:5). പത്രൊസിനും പൗലൊസിനും "യെഹൂദത്വം" എന്നു പറയുന്നത് ജഡിക പിൻഗാമികളായി നിർവ്വചിക്കാവുന്നതായിരുന്നില്ല, അല്ലെങ്കിൽ പരിഛേദനയാലോ, ന്യായ പ്രമാണം അനുസരിക്കുന്നതിനാലോ ആയിരുന്നില്ല. ദൈവജനത്തെയാണ് യെഹൂദനാകുക എന്നാൽ അർത്ഥമെങ്കിൽ, ക്രിസ്തുവിനെ കൈക്കൊണ്ട വരാണ് യഥാർത്ഥത്തിലുള്ള യെഹൂദർ (റോമ. 2:28, 29). അത് അങ്ങനെയാ ണെങ്കിൽ, "ജാതികൾക്കും" പുതിയ അർത്ഥം ഉണ്ടാകുമല്ലൊ. പത്രൊസ് യെഹൂദന്മാരല്ലത്തവരെ പറഞ്ഞപ്പോൾ, അ-ക്രൈസ്തവർ എന്നാണ് പറഞ്ഞത്. ക്രിസ്ത്യാനികളല്ലാ-ത്തവരെ ഇംഗ്ലീഷിൽ പറയുന്നത് "പാഗൻസ്" എന്നാണ്. ആ വ്യത്യാസം മനസിലാക്കുവാൻ വേണ്ടിയാവണം എൻഐവി *എത്നേ*, "ജാതികൾ" എന്നു തർജ്ജിമ ചെയ്തത്. സുവിശേഷത്തിൽ വന്നപ്പോൾ, അതേ വാക്ക് തർജ്ജിമ ചെയ്തത് "പാഗൻസ്" എന്നാണ്.

1:6-8 ൽ, പത്രൊസ് ക്രിസ്ത്യാനികൾ സഹിച്ച പരീക്ഷണങ്ങളെയാണ് വിവ രിക്കുന്നത്. ഇപ്പോൾ ആ പരീക്ഷണങ്ങളിൽ ഉൾപ്പെടുന്നത് സൂപിപ്പിക്കുന്നു. ക്രിസ്ത്യാനിത്വം നിയമരഹിതമായ മതമാണെന്ന് അതുവരെയും റോമാക്കാർ കൽപന പുറപ്പെടുവിച്ചില്ല. എന്നാൽ അത് അന്യദേവന്മാരെ നമസ്ക്കരിക്കുന്ന സമൂഹത്തിന് പുതിയതും അസാധാരണമായതും ആയിരുന്നു. വിശ്വാസികൾ പരദൂഷണത്തിനും മോശമായി കാണുന്നതിനും ഇടയായി. **ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുമ്പോൾ** എന്ന പത്രൊസിന്റെ പ്രയോഗം മനസിലാക്കുവാൻ അൽപം ഭാവന ആവശ്യമാണ്. "ദുഷിക്കുക" എന്നതിന്റെ നാമം പത്രൊസ് വിട്ടുകളയുവാൻ പറഞ്ഞ കാര്യങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു (2:1). ക്രിസ്ത്യാനികൾ ദുഷിക്കപ്പെട്ടാലും തിരിച്ച് അവർ ദുഷിക്കുവാൻ പാടില്ല.

തന്റെ വായനക്കാർ ദുഷിക്കപ്പെടുന്നതിനെ കുറിച്ചായിരുന്നില്ല പത്രൊ സിന്റെ വിചാരം. ആ ദുഷണത്തിൽ സത്യത്തിന്റെ ഒരു കണി പോലും ഉണ്ടാകുവാൻ പാടില്ല എന്നതായിരുന്നു അപ്പൊസ്തലന്റെ വിചാരം. അതു മാത്രമല്ല, അത്തരം ദൂഷണങ്ങൾ അ-വിശ്വാസികളിൽനിന്നുണ്ടാകുമ്പോൾ, വിശുദ്ധ ജീവിതം നയിക്കുന്ന തന്റെ വായനക്കാർ അവർക്ക് തന്നെ അവമ തിപ്പുണ്ടാക്കുമെന്നും ഓർപ്പിക്കുവാൻ അവൻ ആഗ്രഹിച്ചു. അന്യദേവന്മാരെ നമസ്ക്കരിക്കുന്ന നല്ല-മനസുള്ളവർ **നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട റിഞ്ഞ് സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തും**. 1:6-8 ൽ, അപ്പൊസ്തലൻ തന്റെ വായനക്കാരുടെ പരീക്ഷണങ്ങളെ കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ദൂഷണം എന്ന വാക്ക് ഉപയോഗിച്ച് അവരുടെ പരീക്ഷണങ്ങളെ പ്രത്യേകമായി എടുത്തു പറയുന്നു. രണ്ട് സ്ഥലത്തും ക്രിസ്ത്യാനിയുടെ പെരുമാറ്റം അനുസരിച്ചായിരിക്കും ദൈവത്തിന് മഹത്വം ലഭിക്കുന്നത്. അവന്റെ മഹത്വവും ക്രിസ്ത്യാനിയുടെ നിരപരാധിത്വം തെളിയുന്നതും "സന്ദർശന ദിവസത്തിൽ" ആയിരിക്കും. അതു തന്നെയാണ് "യേശുക്രിസ്തുവിന്റെ പ്രത്യക്ഷത" (1:7).

പുതിയനിയമത്തിൽ ഈ സമയത്ത് മാത്രമാണ് കർത്താവിന്റെ മടങ്ങി വരവിനെ "സന്ദർശന ദിവസം" എന്നു പറഞ്ഞിരിക്കുന്നത്. LXX ൽ, ദൈവം അത്ഭുതകരമായും മനോഹരമായും പ്രവർത്തിക്കുന്നതിനെ സൂചിപ്പിച്ചാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ചിലപ്പോൾ തന്റെ ജനത്തിനു പ്രയോജ നകരമായിട്ടായിരിക്കും അവൻ സന്ദർശിക്കുന്നത് (പുറ. 3:16). ചിലപ്പോൾ,

സന്ദർശനം ന്യായവിധി നടത്തുന്നതിനുമായിരിക്കും (യിരെ. 10:15). ലൂക്കൊസ് 19:44–ൽ, "[അവന്റെ] സന്ദർശന കാലത്തെ" തിരിച്ചറിയാതിരുന്ന യെഹൂദന്മാരെ യേശു കുറ്റപ്പെടുത്തി. അവന്റെ സന്ദർശനം, അവതാരം, യിസ്രായേലിനുള്ള ക്രിയാത്മക സംഭവമായിരുന്നു, പക്ഷെ അവർക്ക് അത് തിരിച്ചറിയുവാൻ കഴിഞ്ഞില്ല. പത്രൊസ് ആ വാക്ക് ഉപയോഗിച്ചത് കർത്താവ് ന്യായവിധിക്കായി മടങ്ങി വരുന്നതിനെയാണ് സൂചിപ്പിച്ചത്. ക്രിസ്തു വരുമ്പോൾ, ക്രിസ്ത്യാനികളെ പഴിച്ചവരെയും ഉപദ്രവിച്ചവരെയും ന്യായം വിധിക്കുമ്പോൾ, ക്രിസ്ത്യാനികളുടെ നിരപരാധിത്വം തെളിയും.[5] എആർഎസ്‌വി ശരിയായി തർജ്ജിമ ചെയ്തിരിക്കുന്നതായി തോന്നുന്നു, "... അവൻ ന്യായവിധിക്കായി വരുമ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും."

## ഭരണാധികാരികൾക്ക് കീഴ്പ്പെടൽ (2:13-17)

ലേഖനത്തിന്റെ ശേഷിച്ച ഭാഗത്ത് (2:13–3:7), ജീവിതത്തിന്റെ മൂന്നു വശങ്ങളിൽ കീഴ്പ്പെടൽ ആവശ്യമായി പറയുന്നു: (1) പൗരന്മാർ ഗവൺമെന്റിന്. (2) ദാസന്മാർ യജമാനന്മാർക്ക്. (3) ഭാര്യമാർ ഭർത്താക്കന്മാർക്ക്. ഈ പ്രബോധനം 2:12 ന്റെ വിപുലീകരണമായി എടുക്കാം. "ജാതികളുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം." അധികാരത്തെ മാനിക്കുന്ന വിധത്തിലായിരിക്കണം ക്രിസ്ത്യാനികളുടെ സാമൂഹ്യജീവിതം.

പുതിയനിയമ ലേഖനങ്ങളിൽ, മറ്റു ഭാഗങ്ങളിൽ കുടുംബാംഗങ്ങളുടെ വിവിധ ഉത്തരവാദിത്തങ്ങളെ കുറിച്ച് പറഞ്ഞിരിക്കുന്നു. അവയെല്ലാം തന്നെ താഴെയുള്ളവർ അധികാര സ്ഥാനങ്ങളിലുള്ളവരെ ബഹുമാനിക്കയും അവർക്ക് കീഴ്പ്പെട്ടിരിക്കയും വേണം എന്നു വ്യക്തമാക്കിയിരിക്കുകയാണ്. അവയെ പലപ്പോഴും "വീട്ടു നിയമങ്ങൾ" അല്ലെങ്കിൽ, ജെർമൻ വാക്ക് ഉപയോഗിച്ചാൽ, *ഹൗസ്ടഫേൽൻ* (ഏകവചനത്തിൽ *ഹൗസ്ടഫേൽ*). 1 പത്രൊസിലെ "നിയമങ്ങൾ," 1 തിമൊഥെയൊസ് 2:8–15 ലും, തീത്തൊസ് 2:1–10 ലും; 3:1, 2 ലും ചില സമാനതകൾ കാണാമെങ്കിലും, എഫെസ്യർ 5:22–6:9 ലേതും കൊലൊസ്യർ 3:18–4:1 ലേതും ഏതാണ്ട് സമാനമാണ്. ഗ്രീക്ക് എഴുത്തുകാർ പുതിയനിയമത്തെ ഏതാണ്ട് സമകാലികമായി ചേർത്ത് എഴുതിയിട്ടുണ്ട് (യെഹൂദ, ഗ്രീക്ക്, ലാറ്റിൻ പശ്ചാത്തലം ഉൾപ്പെടുത്തി). വീട്ട് "നിയമങ്ങൾ" പുതിയനിയമത്തിലെ നിയമങ്ങളുമായി ചില സമാനതകൾ കാണിച്ചിട്ടുണ്ട്. ലൗകിക നിയമവും പുതിയനിയമ പ്രമാണങ്ങളും തമ്മിലുള്ള മുഖ്യ വ്യത്യാസം പരസ്പരധർമ്മമാണ്. പുതിയനിയമ സംഹിതകളിൽ യജമാനനും ദാസനും തമ്മിലുള്ള ബന്ധത്തിലും ഗവൺമെന്റും പ്രജകളും തമ്മിലും കടമകൾ എടുത്തു കാണിക്കുന്നു.

നിയമാവലികളെയും അവയുടെ ഉത്ഭവത്തെ കുറിച്ചും പൊതു സ്വഭാവങ്ങളെ കുറിച്ചും ധാരാളം പരിഗണിക്കത്തക്ക ചർച്ചകൾ പണ്ഡിതന്മാർക്കിടയിൽ നടന്നിട്ടുണ്ട്. പത്രൊസിന്റെ നിർദ്ദേശങ്ങൾ ഒരു പരിധി വരെ പുതിയനിയമത്തിലെ ഉപയോഗവും ലൗകികമായ പുസ്തകങ്ങളിലെ ഉപയോഗവും താരതമ്യം ചെയ്യുമ്പോൾ ആ നിയമാവലികളുടെ അർത്ഥം നമുക്ക് കൂടുതൽ വ്യക്തമാകും.

**13സകല മാനുഷ നിയമത്തിന്നും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ.**

**[14]ശ്രേഷ്ഠാധികാരി എന്നു വെച്ച് രാജാവിന്നും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നു വെച്ച് നാടുവാഴികൾക്കും കീഴടങ്ങുവിൻ. [15]നിങ്ങൾ നന്മ ചെയ്തുകൊണ്ട്, ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളത് ദൈവേഷ്ടം ആകുന്നു. [16]സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതക്ക് മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. [17]എല്ലാവരേയും ബഹുമാനിപ്പിൻ; സഹോദരവർഗ്ഗത്തെ സ്നേഹിപ്പിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ബഹുമാനിപ്പിൻ.**

**വാക്യം 13. കർത്താവിൻ നിമിത്തം, സകല മാനുഷ നിയമങ്ങൾക്കും കീഴടങ്ങുവിൻ** എന്നതായിരുന്നു, പൗലൊസിന്റെ പൊതുവായ അപേക്ഷ. “സകല മാനുഷ നിയമങ്ങൾക്കും” എന്ന പ്രയോഗം തർജ്ജിമ ചെയ്തിരിക്കുന്നത് (*പാസെയി ആന്ത്രോപിനെയി ക്റ്റിസെയി*) ബുദ്ധിമുട്ടുള്ള ഒന്നാണ്. അക്ഷരികമായി അതിന്റെ അർത്ഥം, “സകല മനുഷ്യ സൃഷ്ടികൾക്കും” എന്നാണ്. മനുഷ്യരുടെ കാര്യത്തിൽ അപ്പൊസ്തലൻ തന്റെ വായനക്കാരോട് അന്യോന്യം ബഹുമാനിപ്പാനും സാമ്പത്തികവും ആഭ്യന്തരവുമായി ബഹുമാനിച്ച് കീഴ്പ്പെട്ടിരിപ്പാനാണ് പറഞ്ഞത്. എങ്കിൽ മാത്രമെ സമൂഹത്തിന്റെ ക്രമം ശരിയായി പോകുകയുള്ളു. ഗവൺമെന്റിനോട് മാത്രമുള്ളതായിരുന്നില്ല പത്രൊസിന്റെ പ്രബോധനം. താഴെയുള്ള വാക്യങ്ങൾ വായിച്ചാൽ അത് ഗവൺമെന്റുകളെയും ഉൾപ്പെടുത്തിയാണ് പറയുന്നതെന്നു മനസിലാക്കാം. “വീട്ടു നിയമങ്ങൾ” വീട്ടിലുള്ള അംഗങ്ങൾ അധികാരങ്ങളിലിരിക്കുന്നവരുമായുള്ള ബന്ധത്തിൽ പാലിക്കേണ്ടവയും ഉൾപ്പെട്ടവയായിരുന്നു. 1 തിമൊഥെയോസ് 2:1, 2-ൽ പൗലൊസ് അപേക്ഷിച്ചത് “സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം” എന്നാണ്. തിത്തൊസ് 3:1-ൽ അവൻ കൂട്ടിച്ചേർത്തു, “വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിപ്പാനും അവരെ ഓർപ്പിക്കുക.” എഫെസ്യർ 5:22–6:9 ലും, കൊലൊസ്യർ 3:18–4:1 ലും അധികാരികൾക്ക് കീഴടങ്ങിയിരിപ്പിൻ എന്നു പറയുന്നില്ല.

പത്രൊസിന്റെ വാക്കുകൾ മറ്റു “വീട്ടു നിയമാവലികൾ” പോലെ കാണപ്പെട്ടേക്കാം, അതേ സമയം അവന്റെ അപേക്ഷ വ്യവസ്ഥാനുരൂപമായ ഭാഷയിലാണെന്ന കാര്യം നാം തള്ളിക്കളയുന്നില്ല. 1 പത്രൊസിലെ “നിയമാവലികൾ” ആ പ്രത്യേക സന്ദർഭത്തിൽ ജീവിച്ച ആളുകളെ സംബോധന ചെയ്തിട്ടുള്ളതാകുന്നു. അവരുടെ സ്ഥാനം നേർമ്മയുള്ളതായിരുന്നു. ഗവൺമെന്റ് അധികാരികൾക്ക് സംശയം ജനിക്കാതിരിക്കണം എന്നതായിരുന്നു പത്രൊസിന്റെ അപേക്ഷ. നേരെ മറിച്ച്, അവരുടെ നടപ്പ് അനിന്ദ്യമായിരിക്കണമായിരുന്നു. “സകല മാനുഷ അധികാരങ്ങൾക്കും” അവർ കീഴ്പ്പെടുന്നത് മാതൃകാപരമാകേണ്ടതിനായിരുന്നു. അവർ “രാജാവ് ആയ ക്രിസ്തുവിനെ” പ്രസംഗിച്ചു എന്ന കാരണത്താലായിരുന്നു ക്രിസ്ത്യാനികളുടെ സ്ഥാനം അനിശ്ചിതമാകുവാനുള്ള കാരണങ്ങളിൽ ഒന്ന്. പൗലൊസിനും സംഘത്തിനും എതിരായി തെസലൊനിക്യയിലെ യെഹൂദന്മാർ ഉന്നയിച്ച ആരോപണത്തിൽ ഭാഗിക സത്യം ഉണ്ടായിരുന്നു: “അവർ ഒക്കെയും യേശു എന്ന മറ്റൊരുവൻ രാജാവ് എന്നു പറഞ്ഞുകൊണ്ട് കൈസരുടെ നിയമങ്ങൾക്ക് പ്രതികൂലമായി പ്രവർത്തിക്കുന്നു എന്നു പറഞ്ഞു” (പ്രവൃ. 17:7). കൂടാതെ, “രക്ഷകൻ” എന്നും

"സർവ്വശക്തൻ" എന്നുമുള്ള പദങ്ങൾ സാധാരണ ഉപയോഗിച്ചു വന്നിരുന്നത് കൈസരെ ആയിരുന്നു. ക്രിസ്ത്യാനികൾക്ക് യേശു മാത്രം രക്ഷകനും; ദൈവം മാത്രം സർവ്വശക്തനും ആയിരുന്നു. ക്രിസ്ത്യാനികളുടെ പദപ്രയോഗങ്ങൾ അവർക്ക് അപകടകരമായി.

ക്രിസ്ത്യാനികൾ **അധികാരത്തിലിരിക്കുന്ന രാജാവിനു** കീഴടങ്ങിയിരിക്കണം എന്ന് ആവശ്യപ്പെട്ടത് ചില ചോദ്യങ്ങൾ ഉയർത്തുന്നു: പത്രൊസിന്റെ വായനക്കാർ ഗവൺമെന്റിൽനിന്ന് ഉപദ്രവങ്ങൾ നേരിട്ടിരുന്നോ? അതുകൊണ്ടായിരുന്നോ അധികാരികൾക്ക് കീഴ്പ്പെട്ടിരിക്കുവാൻ അപ്പൊസ്തലൻ പറഞ്ഞത്? ആ സമയത്ത് ആസ്യയിലുള്ള ഒരു ഗവൺമെന്റിൽ നിന്നും ക്രിസ്ത്യാനികൾക്ക് ഉപദ്രവം നേരിട്ടതായി പുതിയ നിയമത്തിലോ അന്നത്തെ ലൗകിക എഴുത്തുകളിലോ യാതൊരു തെളിവും ഇല്ല. റോമിൽ നിന്ന് തീർച്ചയായും അത്തരം പ്രഖ്യാപനവും ഉണ്ടായിട്ടില്ല. ക്രിസ്ത്യാനികൾക്ക് ഗവൺമെന്റിൽനിന്നു ഉപദ്രവം ഉണ്ടാകുവാനിടയില്ല എന്ന് അർത്ഥമാക്കരുത്. ക്രിസ്ത്യാനികൾക്കെതിരെ കുറ്റാരോപണങ്ങളും ദൂഷണവും നടത്തിയപ്പോൾ (2:12), പ്രാദേശിക അധികാരികൾ അവ സഹിക്കുവാൻ അവരെ സമ്മർദ്ദം ചെലുത്തിയിരിക്കാം. ക്രിസ്ത്യാനികൾ ഗവൺമെന്റിനെ നിന്ദിക്കത്തക്കവണ്ണം അതിനെ പത്രൊസിന്റെ വായനക്കാർ എതിർക്കുവാൻ പത്രൊസ് ആഗ്രഹിച്ചില്ല.

ക്രിസ്ത്യാനിക്ക് ഗവൺമെന്റിനോടുള്ള ബന്ധം ബുദ്ധിമുട്ടുള്ളതായിരുന്നു. ഗവൺമെന്റിൽ അധികാരം നിക്ഷിപ്തമായിരുന്നു. വിശ്വാസികൾ ചെയ്യരുതാത്തത് ചെയ്യാതിരിക്കുകയും, വിശ്വാസത്തിൽ, നല്ലത് മാത്രം ചെയ്യുവാനുമാണ് ഗവൺമെന്റ് അവരിൽനിന്നു പ്രതീക്ഷിച്ചത്. അവർ ക്രിസ്തുവിനെ പ്രസംഗിക്കരുതെന്ന് യെഹൂദ മതാധികാരികളിൽനിന്നു കൽപന ഉണ്ടായപ്പോൾ, പത്രൊസ് പ്രതികരിച്ചു, "ഞങ്ങൾ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (പ്രവൃ. 5:29). നമുക്ക് ക്രിസ്തുവിലുള്ള വിശ്വാസം നിലനിർത്തുവാൻ പറ്റാത്ത അസാധാരണ സ്ഥിതി ഉണ്ടാകുകയും ഗവൺമെന്റിന് കീഴ്പ്പെട്ടിരിക്കുവാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തേക്കാം. എങ്ങനെയായാലും, സാധാരണ രീതിയിൽ, ദൈന-ന്ദിന-കാര്യങ്ങളെ പിന്തുടരുന്ന സാഹചര്യത്തിൽ ഭരണവും അധികാരവും ആവശ്യമാണ്, അത് വിലയുള്ളതുമാണ്. "വാഴുന്നവർ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം" (റോമ. 13:3). അധികാരത്തിലിരിക്കുന്നവർ എതിർക്കുമ്പോൾ, ഒരുപക്ഷെ പത്രൊസിന്റെ വായനക്കാരുടെ സാഹചര്യം അതായിരുന്നേക്കാം, അപ്പോൾ നിന്ദാപാത്രമാകുവാനോ അല്ലെങ്കിൽ അധരസേവ മാത്രം ചെയ്യുവാനോ പരീക്ഷിക്കപ്പെട്ടേക്കാം. അത് സാഹചര്യം കൂടുതൽ വഷളാക്കും. ക്രിസ്ത്യാനികൾ അധികാരികളെ, അവരുടെ നിമിത്തമല്ലെങ്കിൽ, "കർത്താവിൻ നിമിത്തം" ബഹുമാനിക്കുവാനാണ് പത്രൊസ് പറഞ്ഞത്.

**വാക്യം 14.** രാജാവിനാണ് പരമാധികാരമെന്ന് പത്രൊസ് പറഞ്ഞു നിർത്തിയതേയുള്ളു. ചരിത്രത്തിൽ അവർക്ക് രാജാക്കന്മാരോടുണ്ടായിരുന്ന പ്രത്യേകമായ അനുഭവം നിമിത്തം,[6] അപ്പോൾ റോമാക്കാർ അവരുടെ ഭരണാധികാരികളെ രാജാക്കന്മാർ എന്നു വിളിച്ചിരുന്നില്ല. എങ്കിലും, പൂർവ്വദിക്കുകളിലെ സ്വേഛാധിപതികൾ അങ്ങനെ ആണ് ഭരിച്ചിരുന്നത്. പ്രചാരത്തിലിരുന്ന ഭാഷാശൈലി അനുസരിച്ച് ചക്രവർത്തിമാരായിരുന്നു രാജാക്കന്മാർ. വിശ്വാസികൾ രാജാവിനു മാത്രമല്ല, **അവർ അയക്കുന്ന ... നാടുവാഴികൾക്കും** കീഴടങ്ങിയി

രിക്കണമായിരുന്നു. "നാടുവാഴികൾ" എന്ന വാക്ക് (*ഹെഗെമോൻ*) പൊതുവായതും അതിൽ ഉയർന്ന റോമൻ ഉദ്യോഗസ്ഥരും പ്രാദേശിക പട്ടണത്തിലെ അധികാരികളും ഉൾപ്പെട്ടിരുന്നു.

ആസ്യാ ഭൂഖണ്ഡത്തിലെ നാല് റോമൻ പ്രവിശ്യകളിലായിരുന്നു പത്രൊസിന്റെ വായനക്കാർ താമസിച്ചിരുന്നത്.[7] ആസ്യ/പൊന്തൊസ്, ബിഥുന്യ എന്നിവയായിരുന്നു അവയിൽ രണ്ടെണ്ണം, അവിടം വാണിരുന്നത് ഓരോ-വർഷത്തേക്ക് സെനറ്റ് അയക്കുന്ന നാടുവാഴികളായിരുന്നു. മറ്റു രണ്ടു പ്രവിശ്യകളായിരുന്ന ഗലാത്യയും കുപ്പദൊക്യയും വാണിരുന്നത് സെനറ്റിനോട് സൈദ്ധാന്തികമായി കണക്കു കൊടുക്കേണ്ട പ്രതിനിധികളായിരുന്നു. വാസ്തവത്തിൽ നാടുവാഴികൾ സെനറ്റിനോട് കണക്കു കൊടുക്കണമായിരുന്നു എങ്കിലും നിയന്ത്രിച്ചിരുന്നത് ചക്രവർത്തിയായിരുന്നു. എല്ലാ നാടുവാഴികളും "അവനാൽ അയക്കപ്പെട്ടു" എന്നു പറയുക പ്രയാസമാണ്. റോമിന്റെ മുഴുവൻ ശക്തിയോടെ ഗവർണ്ണമാർ അവരുടെ ഇഷ്ടമനുസരിച്ച് വാണിരുന്നു എന്നു പറയാം. സെർഗ്യോസ് പൗലൊസ് (പ്രവൃ. 13:7), ഗലിയോ (പ്രവൃ. 18:22) എന്നീ രണ്ട് നാടുവാഴികളെ ആണ് പുതിയനിയമത്തിൽ പറയുന്നത്. ഉയർന്ന ഉദ്യോഗസ്ഥരായ നാടുവാഴികളുമായി ദൈന-ന്തിന-കാര്യങ്ങളിൽ ആസ്യയിൽ താമസിക്കുന്നവർ പരോക്ഷമായിട്ടായിരുന്നു ബന്ധപ്പെട്ടിരുന്നത്. പത്രൊസിന്റെ വായനക്കാർ കീഴ്പ്പെട്ടിരുന്നത് പ്രാദേശിക മജിസ്ട്രേറ്റുമാർക്കും പൊലിസുകാർക്കുമായിരുന്നു, അവർ തങ്ങളുടെ മേലധികാരികളായിരുന്ന നാടുവാഴികൾക്കും രാജാക്കന്മാർക്കും കീഴ്പ്പെട്ടിരുന്നു.

ഭരണാധികാരികളോട് എതിർക്കുന്നവരായിരിക്കരുത് ക്രിസ്ത്യാനികൾ. ക്രമീകൃതമായ സമൂഹം നിലകൊള്ളുന്നത് ദേശത്തിലെ പ്രവാസികളുടേയും പരദേശികളുടേയും ഗുണത്തിനായിരിക്കണം. **സൽപ്രവൃത്തിക്കാരുടെ പുകഴ്ച്ചക്കും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനുമായി** വെച്ചിരിക്കുന്ന ഭരണാധികാരികളും ഉദ്യേഗസ്ഥരും ചിലപ്പോൾ നിരപരാധികളെ പീഡിപ്പിക്കുന്ന സാഹചര്യം ഉടലെടുത്തേക്കാം. ക്രിസ്ത്യാനികൾ നീതിയാണോ പ്രവർത്തിക്കുന്നത് എന്ന ചോദ്യമേ ഉദിക്കുന്നില്ല. ഇതേ രീതിയിൽ പൗലൊസ് വിവേചനം നടത്തുന്നുണ്ട്. "നിന്റെ നന്മക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നത്" (റോമ. 13:4). രാജാക്കന്മാരുടെ ദൈവിക അവകാശത്തെ പത്രൊസോ പൗലൊസോ എതിർത്തിരുന്നില്ല. പകരം, ക്രിസ്ത്യാനികൾ താമസിക്കുന്ന സമൂഹത്തിൽ നല്ല സംഭാവന ചെയ്യുന്ന അംഗങ്ങളെ നൽകേണ്ട ഉത്തരവാദിത്തം അവർക്കാണ് എന്നു പഠിപ്പിച്ചു. അതുകൊണ്ട്, സാധാരണ സാഹചര്യങ്ങളിൽ, ക്രമമായി മുൻപോട്ട് പോകുന്ന ഗവൺമെന്റിന് ക്രിസ്ത്യാനികൾ എല്ലാ വിധത്തിലുമുള്ള സ്വാധീനവും പിന്തുണയും നൽകണം.

**വാക്യം 15.** ക്രിസ്ത്യാനികൾ അധികാരികളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന ക്രിയാത്മക ഫലങ്ങൾ (1) അവർ **ദൈവേഷ്ടം** ചെയ്യും, (2) അവർ **വിഡ്ഢികളായ മനുഷ്യരുടെ അജ്ഞതയെ മിണ്ടാതാക്കും.** മറ്റുള്ളവരുടെ അജ്ഞതയാൽ വിശ്വാസികളിൽ തിന്മ വരാമെന്ന് അപ്പൊസ്തലൻ പറഞ്ഞത് സ്നേഹത്തോടെയായിരുന്നില്ല. ഒരേ സമയം ക്രിസ്ത്യാനികളെ ദ്വേഷിക്കുകയും ദുഷിക്കുകയും ചെയ്തിരുന്നു. എങ്ങനെയായാലും, ക്രിസ്ത്യാനികൾക്ക് കഷ്ടം വരുത്തിയ ഉറവിടങ്ങൾ അവർക്ക് തന്നെ അത് തിരിച്ചടിയാവും എന്ന് തിരിച്ചറിഞ്ഞിരുന്നില്ല. ജ്ഞാനത്തിന്റേയും നന്മയുടേയും ഉറവിടമാണ് യേശു. അവനെ എതിർക്കുന്ന ലോകത്തിന്റേതാണ്

തിന്മയും അജ്ഞതയും. തിന്മയും അജ്ഞതയുമുള്ളവരെ ക്രിസ്ത്യാനികൾ "മിണ്ടാതാക്കേണ്ടത്" തങ്ങളെ അപകീർത്തിപ്പെടുത്തിയവരോട് **ശരിയായതു ചെയ്തു**കൊണ്ടായിരിക്കണം.

**വാക്യം 16**. തന്റെ വായനക്കാരോട് അധികാരികൾക്ക് കീഴടങ്ങുവാൻ അപ്പൊസ്തലൻ പറഞ്ഞപ്പോൾ, അവർക്കുള്ള സ്വാതന്ത്ര്യത്തെയും അവൻ ഓർപ്പിച്ചു. കീഴടങ്ങലും സ്വാതന്ത്ര്യവും ഒപ്പമുള്ളതാണ്. സ്വതന്ത്രനെ ദാസനിൽനിന്നു വേർതിരിക്കുന്നതിനേക്കാൾ കർക്കശമായ മറ്റൊന്നില്ലായിരുന്നു. ദാസനോട് പൗലൊസ് പറഞ്ഞു, "ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന പ്രവൃത്തിക്ക് കർത്താവിൽനിന്നു പ്രതിഫലം പ്രാപിക്കും" (എഫെ. 6:8). ദാസന്റെ ഉടമസ്ഥനോട്, അവൻ പറഞ്ഞു, "അവരുടേയും നിങ്ങളുടേയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ട്" (എഫെ. 6:9). സ്വതന്ത്രൻ കർത്താവിന്റെ ദാസനാണ്, ദാസൻ ദൈവത്തിന്റെ സ്വതന്ത്രനാണ്. സുവിശേഷ സംഭവത്തിൽ, സ്വാതന്ത്ര്യവും ദാസ്യത്വവും അസാധാരണ ബന്ധമുള്ള വിഷയങ്ങളാണ്. നസറേത്തിലെ പള്ളിയിൽ, യേശു യെശയ്യാവ് ഉദ്ധരിച്ചു പറഞ്ഞു, "ബദ്ധന്മാരെ വിടുവിപ്പാനും ... പീഡിതന്മാരെ വിടുവിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കൊ. 4:18). പൗലൊസ് നാടകീയമായി പറഞ്ഞു, "സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി" (ഗലാ. 5:1). ലേഖനത്തിന്റെ ആരംഭത്തിൽ അപ്പൊസ്തലൻ പറഞ്ഞത് താൻ ക്രിസ്തുവിന്റെ ദാസൻ (*ഡൂലോസ്*) എന്നാണ് (ഗലാ. 1:10).

എൻഏഎസ്ബി ഈ വാക്യത്തിന്റെ ആരംഭത്തിൽ ഒരു ക്രിയ നൽകിയിരിക്കുന്നു, എന്നാൽ ഗ്രീക്കിൽ അത് ഇല്ല. 2:13 ലെ ആദ്യ വാക്കുകൾ അതിശയകരമായി 2:16 മായി യോജിക്കുന്നു. "നിങ്ങൾ കീഴടങ്ങുക ..." **സ്വതന്ത്രരായ മനുഷ്യരെ** പോലെ-സ്വതന്ത്രരാണ് എങ്കിലും, **ദൈവത്തിന്റെ ദാസന്മാരാണ്**. ഫലം അടിയോ അല്ലെങ്കിൽ മരണമോ ആയാലും, ഒരാൾ സ്വയമായി കീഴടങ്ങിയിരിക്കണം. വിശ്വാസികൾ ഗവൺമെന്റിന് കീഴ്പ്പെടുമ്പോൾ, അവർ തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടമാക്കുകയല്ല എന്നു തിരിച്ചറിയണം. ഒരാൾ മനുഷ്യരുടെ നിയമങ്ങൾക്ക് വഴങ്ങാതെ ദൈവനിയമം അനുസരിച്ച് ജീവിച്ചേക്കാം. അനുസരണം തിരഞ്ഞെടുക്കുന്ന ആൾ, വാസ്തവത്തിൽ സ്വതന്ത്രനാണ്. ക്രിസ്തീയ സ്വാതന്ത്ര്യം ഈ അപേക്ഷയിന്മേലുള്ളതാണ്: യേശുവിനെ കർത്താവായി സ്വീകരിക്കുന്ന ആൾ അവനെ മാത്രമല്ല അനുസരിക്കുന്നത്; ക്രിസ്ത്യാനി തന്റെ ജീവിത രീതി വലിച്ചെടുക്കുന്നതാണ്. യേശുവിന്റെ ഇഷ്ടം അവന്റേതാക്കുന്നു. അന്ധമായ വിശ്വാസത്തിലേക്കല്ല യേശു ആളുകളെ വിളിക്കുന്നത്. തന്നെ സ്നേഹിക്കുവാനാണ് അവൻ ആളുകളെ വിളിക്കുന്നത്. കർത്താവിനെ സ്നേഹിക്കുന്നവർ അവനെ സേവിക്കും കാരണം അവന്റെ ഇഷ്ടം അവരുടേതായി മെടയപ്പെട്ടിരിക്കുന്നു. അവർ "ദൈവത്തിന്റെ ദാസന്മാരായതുകൊണ്ട്" അനുസരിച്ച് കീഴ്പ്പെട്ട് ജീവിക്കുന്നു. അതിരില്ലാത്ത സ്വാതന്ത്ര്യത്തിൽ ജീവിച്ച് നരകത്തിൽ പോകുക എന്നതാണ് ഇതര മാർഗ്ഗം.

ആരംഭം മുതൽ, ക്രിസ്തുവിന്റെ ശരീരത്തിനകത്തും, പുറത്തുമുള്ളവർ അനുസരിക്കുന്ന സ്വാതന്ത്ര്യം എന്ന ആശയം മനസിലാക്കുന്നതിൽ പരാജയപ്പെട്ടവരുണ്ട്. അത് നിയമസിദ്ധാന്തത്തിന് അടിമയാകലാണ് എന്നാണ് ചിലർ ധരിച്ചിരിക്കുന്നത്. യേശു കർത്താവാണെന്ന് വിശ്വസിച്ച് ചിലർ അനുസരണം എന്ന ഭാരം ഏറ്റെടുക്കുന്നു, കാരണം അവർ അവന്റെ ശക്തിയെ ഭയപ്പെടുന്നു. മറ്റു വിശ്വാസികൾ അനുസരണ സ്വാതന്ത്ര്യത്തെ മനസിലാക്കാതെ, ദൈവ

ത്തിന്റെ കൃപയെ വ്യർത്ഥമാക്കുന്നു. അങ്ങനെ സ്വാതന്ത്ര്യം ലൈസെൻസാക്കി മാറ്റുന്നു. രണ്ടാമത് പറഞ്ഞ ആളുകളെ പഠിപ്പിക്കുവാനാണ് പത്രൊസ് **സ്വാതന്ത്ര്യം ദുഷ്ടതക്ക് മറയാക്കരുത്** എന്ന് പറഞ്ഞത്.

പത്രൊസ് വിലക്കിയ കാര്യത്തെ പൗലൊസ് പ്രോൽസാഹിപ്പിക്കുന്നു എന്ന കുറ്റാരോപണമായിരുന്നു എതിരാളികൾ പൗലൊസിൽ ചുമത്തിയത്. പൗലൊസിന്റെ ഉപദേശം പാപത്തെ പ്രോൽസാഹിപ്പിക്കുകയാണെന്നായിരുന്നു അവർ വാദിച്ചത്. "പാപം പെരുകുമ്പോൾ, കൃപയും പെരുകും! ആകയാൽ കൃപ പെരുകേണ്ടതിന്നു നമുക്ക് പാപം ചെയ്യാം." ഒരു ചോദ്യവുമായാണ് പൗലൊസ് അതിനോട് പ്രതികരിച്ചത്, "പാപസംബന്ധമായി മരിച്ചവരായിരുന്ന നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?" (റോമ. 6:2). സ്വാതന്ത്ര്യം എന്നത് സ്വയം സേവനമാണെന്ന് ധരിച്ചിരിക്കുന്ന ക്രിസ്ത്യാനികളോട് പൗലൊസ് ഒരു ചോദ്യം ചോദിച്ചിരിക്കുന്നു: പത്രൊസ് വിലക്കുകയായിരുന്നു. ദൈവത്തിനു ദാസ്യപ്പെടുവാൻ നിയന്ത്രണമുള്ള കീഴടങ്ങൽ ആവശ്യമാണെന്ന് രണ്ടുപേരും സമ്മതിച്ചു.

**വാക്യം 17**. നല്ല ഒരു ഉപദേഷ്ടാവിനെ പോലെ, പത്രൊസ് നാല് ആജ്ഞകളിൽ ചുരുക്കിയിരിക്കുന്നു: **ബഹുമാനിപ്പിൻ, സ്നേഹിപ്പിൻ, ഭയപ്പെടുവിൻ, ബഹുമാനിപ്പിൻ**. ക്രിയകളുടെ കാലത്തിൽ വരുത്തിയ മാറ്റം ഇംഗ്ലീഷിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. മൂന്ന് വർത്തമാനകാല ആജ്ഞകളെ തുടർന്നാണ് ഒരു അയോറിസ്റ്റ് ആജ്ഞ കൊടുത്തിരിക്കുന്നത്. ആ മാറ്റത്തിൽ എന്തെങ്കിലും പ്രാധാന്യം ഉണ്ടോ എന്നതല്ല ചോദ്യം. ആ മാറ്റം അർത്ഥ വ്യത്യാസം വരുത്തുന്നുണ്ടോ? എങ്കിൽ അത് തർജ്ജിമയിൽ പ്രതിഫലിക്കണം.

മൂല ഭാഷയിൽനിന്ന് തർജ്ജിമക്കാർ വ്യാഖ്യാനിക്കുമ്പോൾ, അവർ പറ്റിയ ഇംഗ്ലീഷ് വാക്കുകൾ മാത്രമല്ല തിരഞ്ഞെടുക്കുന്നത്, പങ്ചേഷൻസും ശരിയായത് തിരഞ്ഞെടുക്കും. സമാന്തര ആജ്ഞകളായിട്ടാണ് കെജെവിയിൽ തർജ്ജിമ ചെയ്തിരിക്കുന്നത്. കാലത്തിലെ മാറ്റത്തിന്റെ പ്രാധാന്യത്തെ കുറിച്ച് തർജ്ജിമക്കാർ ശ്രദ്ധിച്ചിട്ടില്ല എന്നു പറയാം. എൻആർഎസ്ബിയിലും എൻആർഎസ്വിയിലും അതു തന്നെയാണ് സ്ഥിതി. എൻഐവിയിൽ, എങ്ങനെയായാലും, തർജ്ജിമ ചെയ്തിരിക്കുന്നത് "എല്ലാവരേയും ബഹുമാനിപ്പിൻ: വിശ്വാസികളായ സഹോദരവർഗത്തെ സ്നേഹിപ്പിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ബഹുമാനിപ്പിൻ." ആർഈഹ്ബിയിലും അങ്ങനെ തന്നെയാണ്. പിന്നീടുള്ള തർജ്ജിമക്കാർ ആദ്യ ക്രിയയുടെ അയോറിസ്റ്റ് കാലത്തിന്റെ പ്രാധാന്യം മനസിലാക്കിയില്ല. അതുകൊണ്ട് അവർ "എല്ലാവരേയും ബഹുമാനിപ്പിൻ എന്നു തർജ്ജിമ ചെയ്തു. പ്രത്യേകമായി ഞാൻ അർത്ഥമാക്കുന്നത്, എല്ലാ മനുഷ്യരേയും ബഹുമാനിക്കയും, സഹോദരവർഗ്ഗത്തെ സ്നേഹിക്കുകയും, ദൈവത്തെ ഭയപ്പെടുകയും, രാജാവിനെ ബഹുമാനിക്കയും ചെയ്വിൻ." ഈ തർജ്ജിമയുടെ പിന്തുണക്കായി ക്രിയയായ "ബഹുമാനം" ഇരട്ടയായി ഉപയോഗിച്ചിരിക്കുന്നു. അയോറിസ്റ്റ് ഇംപരേറ്റിവും പ്രെസെന്റ് ഇംപരേറ്റിവും തമ്മിലുള്ള വ്യത്യാസം ചിലപ്പോൾ വളരെ ചെറുതായിരിക്കാം; എങ്ങനെയായാലും, ഈ കാര്യത്തിൽ, എൻഐവിയുടെ തർജ്ജിമയാണ് നല്ലത്. എന്നിരുന്നാലും, ചിഹ്നങ്ങളിൽ വരുന്ന മാറ്റം അർത്ഥവ്യത്യാസം വരുത്തുന്നില്ല. രണ്ടുവിധത്തിലായാലും, ക്രിസ്ത്യാനികൾ എല്ലാം മാനമായെടുക്കണം. ആ ബഹുമാനത്തിനു പുറമെ, ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള തങ്ങളുടെ സഹോദരീസഹോദരന്മാരെ സ്നേഹിക്കണം.

ആജ്ഞകളുള്ളതെല്ലാം തികഞ്ഞ അർത്ഥത്തെയാണ് വ്യക്തമാക്കുന്നത്. നരവംശകേന്ദ്രത്തിൽ പുരാതനകാലത്തും ആധുനികകാലത്തും അത് വാസ്തവമാണ്. ദേശിയത, ഭാഷ, വർഗീയത, ബൗദ്ധികത, സംസ്ക്കാരം എന്നിവയുടെ വേലിക്കെട്ടുകളെല്ലാം പത്രൊസിന്റെ ലേഖനത്തിൽ നീക്കം ചെയ്തിരിക്കുകയാണ്. **സകല മനുഷ്യരേയും ബഹുമാനിക്കുക.**[8] വർഷങ്ങൾക്ക് മുൻപ് തന്നെ ദൈവം മഖപക്ഷം നോക്കുന്നവനല്ല എന്നു പത്രൊസ് മനസിലാക്കിയിരുന്നു (പ്രവൃ. 10:34). പൗലൊസ് എഴുതി, "അതിൽ യെഹൂദനും യവനനും എന്നില്ല. ദാസനും സ്വതന്ത്രനും എന്നില്ല. ആണും പെണ്ണുമെന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ" (ഗലാ. 3:28). നാം സകല മനുഷ്യരേയും ബഹൂമാനിപ്പാൻ കടപ്പെട്ടിരിക്കുന്നതിന്റെ കാരണം "അവൻ ഭൂതലത്തിൽ ഒക്കെയും കുടിയിരിപ്പാൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കിയിരിക്കുന്നു" (പ്രവൃ. 17:26). നാം ആളുകൾക്ക് വർഗം, ലിംഗം, ഭാഷ അല്ലെങ്കിൽ സംസ്ക്കാരം, അംഗവൈകല്യം എന്നിവ നോക്കി സ്ഥിരരൂപം കൊടുക്കുന്നത് "സകല മനുഷ്യരേയും സൃഷ്ടിച്ച" ദൈവത്തെ നിന്ദിക്കുന്നതിനു തുല്യമാണ്.

യേശു സകല മനുഷ്യരേയും ബഹുമാനിപ്പാൻ പറഞ്ഞത് അവന്റെ അനുയായികൾ പാലിക്കുമ്പോൾ, തങ്ങൾ വിശ്വാസം പങ്കിടുന്നവരെ സ്നേഹിക്കുവാനും അവർ കടപ്പെട്ടിരിക്കുകയാണ്. അവർ **സഹോദരവർഗത്തെ** സ്നേഹിക്കണം. "സഹോദരവർഗം" എന്നതിനു പത്രൊസ് ഉപയോഗിച്ച വാക്ക് (*അഡെൽഫോടെസ്*) ഇവിടെയും 5:9 ലും കാണാം. അത് പുതിയനിയമത്തിൽ മറ്റൊരു ഭാഗത്തും ഇല്ല. നസറേത്തുകാരനായ യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണെന്നു ഏറ്റു പറഞ്ഞവരാണ് "സഹോദര വർഗ്ഗം."[9] 5:9-ൽ വ്യക്തമാക്കുന്നതുപോലെ, ഒരാൾ അംഗമായിരിക്കുന്ന പ്രാദേശിക സഭയേക്കാൾ ഉപരിയാണ് അത്. വിശ്വാസികളുടെ സംഘമാണ് ലോകമെങ്ങുമുള്ള കർത്താവിന്റെ സഭകൾ (റോമ. 16:16). സ്നേഹം എല്ലാവരിലേക്കും വ്യാപിപ്പിക്കണം. സഹോദരങ്ങൾ തമ്മിൽ തമ്മിലുള്ള സ്നേഹബന്ധം പുതിയനിയമത്തിൽ ഉടനീളം കാണാം. "സകല മനഷ്യരേയും ബഹുമാനിപ്പിൻ എന്നും സഹോദരവർഗ്ഗത്തെ സ്നേഹിപ്പിൻ" എന്നുമുള്ള പത്രൊസിന്റെ പ്രസ്താവനക്ക് സമാന്തരമാണ് "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക" എന്ന പൗലൊസിന്റെ പ്രസ്താവന (ഗലാ. 6:10). യേശു പറഞ്ഞു, "നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും" (യോഹ. 13:35).

ആദ്യത്തെ രണ്ടും ആയിരിക്കുന്നതുപോലെ അവസാനത്തെ രണ്ട് ആജ്ഞകൾ അടുത്ത് ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. വിശ്വാസി **ദൈവത്തെ ഭയപ്പെടുകയും രാജാവിനെ ബഹുമാനിക്കുകയും** വേണം. ദൈവത്തെ സ്നേഹിക്കുക എന്നതാണ് ന്യായപ്രമാണത്തിലെ ഏറ്റവും വലിയ കൽപന എന്നു യേശു പറഞ്ഞു (മർ. 12:28-30). ഭയവും സ്നേഹവും തമ്മിൽ അൽപം സംഘർഷം ഉണ്ടാക്കിയേക്കാം, എന്നാൽ അവ ഓരോന്നും പ്രത്യേകതയുള്ളതാണ്, തീർച്ചയായും എതിരായിട്ടുള്ളതല്ല. "ഭയം" എന്നതു പല-വശങ്ങളുള്ള വാക്കാണ്. "ഭയം" എന്നതിന്റെ ഒരു നിർവ്വചനം സ്തംഭിപ്പിക്കുന്ന വാക്കാണ്. ഒരു താലന്തു ലഭിച്ചവൻ തന്റെ ഒഴികഴിവ് ഇങ്ങനെ പറഞ്ഞു, "ഭയപ്പെട്ടു ചെന്നു നിന്റെ താലന്ത് ചെന്നു മറെച്ചു വെച്ചു" (മത്താ. 25:25). ആ അർത്ഥത്തിലാണ് യോഹന്നാൻ ആ വാക്ക് ഉപയോഗിച്ചത്: "ഭയത്തിന് ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ

സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു" (1 യോഹ. 4:18). വലിയ വടിയെ ഭയന്നു അനുസരിക്കുന്ന ആത്മാവ് ദൈവേഷ്ടത്തിൽ തൃപ്തി കണ്ടെത്തുകയോ, ക്രിസ്ത്യാനിത്വത്തിന്റെ ശക്തിയിൽ അധികം നിലനിൽക്കുകയോ ഇല്ല.

സൃഷ്ടികർത്താവുമായി മനുഷ്യർ മുഖാമുഖം ദൈവത്തെ കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന അനിശ്ചിതത്വമാണ് "ഭയം" എന്നതാണ് മറ്റൊരു നിർവ്വചനം. ദൈവത്തെ ഭയക്കുക എന്നാൽ അവന്റെ മുമ്പിൽ അനിശ്ചിതത്വത്തിൽ വിറച്ച് വിക്കി വിക്കി സംസാരിക്കുന്നതാണ്. ദൈവത്തോട് വാദിക്കുകയോ വിശദീകരിക്കുകയോ ചെയ്യാതെ അപേക്ഷിക്കുന്നതാണ് അത്. "ജ്ഞാനത്തിന്റെ ആരംഭമാണ്" "ദൈവ ഭക്തി" എന്ന് ജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നു (സദൃശ. 1:7). അർത്ഥരാത്രിയിൽ ആകാശത്തേക്ക് നോക്കുന്നതുപോലെയും സ്വന്തം ഹൃദയത്തിലേക്ക് നോക്കുന്നതുപോലെയും അജ്ഞതയും അനിശ്ചിതത്വവുമാണ് ഭയപ്പെടുത്തുന്നത്. ഭയം താഴ്മയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അത് നിഗളത്തിനും, സ്വേഛക്കും എതിരാണ്. യെശയ്യാവ് ദൈവത്തെ കണ്ടപ്പോൾ അവനിൽ ഭയം നിറഞ്ഞിരുന്നു. "എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ" (യെശ. 6:5). ദൈവം മനസലിവുള്ളവനാണെന്ന് യിസ്രായേൽ മക്കൾ അറിയുവാൻ മോശെ ആഗ്രഹിച്ചു, "ദൈവമായ യഹോവ കരുണയുള്ള ദൈവമല്ലൊ; അവൻ നിന്നെ ഉപേക്ഷിക്കയില്ല, നശിപ്പിക്കയുമില്ല." (ആവ. 4:31), കൂടാതെ "അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാണ്" (ആവ. 4:24). ദൈവത്തിന്റെ സ്നേഹത്തെയും കൃപയേയും വിശ്വാസി അവഗണിക്കരുത്. "കൃപ പെരുകേണ്ടതിന്ന്" ക്രിസ്ത്യാനി പാപം ചെയ്യുവാൻ തുനിയരുത് (റോമ. 6:1; ആർഎസ്‌വി). "ദൈവത്തെ ഭയപ്പെടുവാനാണ്" പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്.

അവസാനത്തെ ആജ്ഞ "രാജാവിനെ ബഹുമാനിക്ക" എന്നതാണ്. 2:13-ൽ തുടങ്ങിയ പ്രബോധനത്തെയാണ് പത്രൊസ് ചുരുക്കിക്കൊണ്ട് വരുന്നത്. ക്രിസ്ത്യാനികൾ രാജാവിന് കീഴ്പ്പെടുക മാത്രമല്ല; അവനെ ബഹുമാനിക്കകൂടെ ചെയ്യണം. ബഹുമാനം എന്നതു എല്ലാവർക്കുമുള്ളതാണ് എന്ന് അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നു. രാജാവിനുള്ള ബഹുമാനം, വിട്ടുവീഴ്ച്ച ചെയ്തില്ലെങ്കിൽ, ചുരുങ്ങിയത് യോഗ്യമാണ്. ഒന്നും-രണ്ടും നൂറ്റാണ്ടിലെ എഴുത്തുകൾ സൂചിപ്പിക്കുന്നത് ആസ്യാ ഭൂഖണ്ഡത്തിൽ മുഴുവൻ റോമൻ ചക്രവർത്തിമാരോടുണ്ടായിരുന്നത് ദൈവികമായ ബഹുമാനമായിരുന്നു. അവൻ ദൈവവും, രക്ഷകനും, സർവ്വശക്തനുമായിരുന്നു. പത്രൊസിന്, രാജാവ് ബഹുമാന്യനായിരുന്നു, പക്ഷെ ആരാധ്യനായിരുന്നില്ല. കൂടാതെ, ദൈവത്തോടു മാത്രമുള്ള ഭയം രാജാവിനോട് കാണിക്കേണ്ട ആവശ്യവുമില്ല.ആഭ്യന്തര ഭരണാധികാരോടുള്ള തന്റെ വായനക്കാരുടെ സമീപനം എങ്ങനെയായിരിക്കണമെന്ന് പത്രൊസ് വളരെ സ്പഷ്ടമാക്കി കൊടുത്തു. അവർ അവർക്ക് കീഴടങ്ങി അവരെ ബഹുമാനിക്കണം, പക്ഷെ അവരെ ഭയപ്പെടേണ്ട ആവശ്യമില്ല. അതായത് ക്രിസ്ത്യാനികൾ ദൈവത്തെ ഭയപ്പെടുന്നതുപോലെ ഭരണാധികാരികളെ ഭയപ്പെടേണ്ടതില്ല.

## യജമാനന്മാർക്ക് കീഴടങ്ങൽ
## (2:18-20)

**18വേലക്കാരേ, പൂർണ്ണഭയത്തോടെ യജമാനന്മാർക്ക്, നല്ലവർക്കും ശാന്ത ന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കുകൂടെ കീഴടങ്ങിയിരിപ്പിൻ. 19ഒരുവൻ ദൈവത്തെ കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു. 20നിങ്ങൾ കുറ്റം ചെയ്തിട്ട് അടി കൊള്ളുന്നതു സഹിച്ചാൽ എന്തു യശസുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അത് ദൈവത്തിനു പ്രസാദം.**

സ്കോബി നിരീക്ഷിച്ചു, "ഗ്രിക്ക്-റോമാ ലോകത്തെ ദാസന്മാരെ ഉപയോഗിച്ച് സാമ്പത്തികലാഭം ഉണ്ടാക്കിയിരുന്ന പശ്ചാത്തലത്തിനെതിരായതാണ് പുതിയനിയമത്തിൽ പറയുന്ന ദാസ്യത്വം."[10] പത്രൊസ് എഴുതിയ സമയത്ത് ക്രിസ്ത്യാനികൾ എതിർക്കപ്പെട്ട ന്യൂനപക്ഷമായിരുന്നു. ക്രിസ്തുവിന്റെ ഉപദേശത്തെ ലോകം എത്ര എതിർത്തിട്ടും അവർക്ക് അവരുടെ ദാസ്യപ്രവൃത്തികൾ മുൻപോട്ട് കൊണ്ടുപോകുന്നതിൽനിന്നു മാറുവാൻ കഴിഞ്ഞില്ല. പുതിയനിയമം പഠിപ്പിക്കുന്നത് ദാസ്യത്വം തുടച്ചുനീക്കുവാനല്ല, മറിച്ച് ദാസന്മാരായി എങ്ങനെ ജീവിക്കാമെന്നാണ്. ദൈവം എല്ലാവർക്കും വിലയും അന്തസും നൽകിയിരിക്കുന്നു. യേശുവിന്റെ മരണം ഒരേപോലെ യജമാനനും ദാസനും പ്രയോജനപ്പെടേണ്ടതിനായിരുന്നു.

**വാക്യം 18.** ഗവൺമെന്റിൽ നിന്നു പത്രൊസ് നേരെ വ്യക്തിപരവും സാമൂഹ്യസ്ഥാപനത്തിനു കീഴ്പ്പെടുന്നതിലേക്കാണ് തിരിയുന്നത്: **വേലക്കാരേ, യജമാനന്മാർക്ക് കീഴടങ്ങുവിൻ.**[11] പത്രൊസ് സംബോധന ചെയ്ത ചില വായനക്കാർ ജംഗമസ്വത്ത് പോലെയായിരുന്നു; അവരെ മറ്റുള്ളവർ സ്വന്തമാക്കിയിരുന്നു. പുരാതന സമൂഹങ്ങളിൽ അടിമത്വം ഉപജീവന മാർഗ്ഗമായിരുന്നു. ധാർമ്മികത്വം ചോദ്യം ചെയ്യപ്പെടാത്തതായിരിക്കണം. യുദ്ധത്തിൽ പ്രവാസികളായതു നിമിത്തമോ അല്ലെങ്കിൽ അയാളുടെ അമ്മ അടിമയായത് നിമിത്തമോ ഒരാൾ അടിമയാകുമായിരുന്നു. ഉടമസ്ഥൻ അവനിൽനിന്നു ആവശ്യപ്പെടുന്നതനുസരിച്ചായിരുന്നു അടിമയുടെ ഭാഗധേയം. അടിമകളിൽ ചെറിയൊരു വിഭാഗം വളരെ പ്രാഗത്ഭ്യമുള്ളവരായിരുന്നു. അവർ വിദ്യാഭ്യാസമുള്ളവരായതിനാൽ അവരുടെ ഉടമസ്ഥരുടെ മക്കളെ പഠിപ്പിക്കുമായിരുന്നു, അല്ലെങ്കിൽ യജമാനന്മാരുടെ വീടുകളിൽ ചില പ്രത്യേക ജോലികൾക്കായി നിയമിക്കുമായിരുന്നു. അവർ തങ്ങളുടെ യജമാനന്മാരുമായുള്ള ബന്ധത്തിൽ ശരിയായ ഒരകലം പാലിച്ച് കാര്യങ്ങളെല്ലാം ചെയ്യുന്നേടത്തോളം, അവർക്ക് യജമാനന്മാരുമായി സൗഹൃദബന്ധത്തിൽ കഴിയാമായിരുന്നു. ചില അടിമകളെ മുൻസിപ്പാലിറ്റികൾ സ്വന്തമാക്കിയിരുന്നു. അവരിൽ ചിലർ സ്വാധീനമുള്ള തസ്തികകളിൽ എത്തുമായിരുന്നു, പക്ഷെ അതിന് ഒഴികഴിവുണ്ടായിരുന്നു. മിക്ക അടിമകൾക്കും നട്ടെല്ല് ഒടിക്കുന്ന വിധത്തിൽ ഭാരമുള്ള ജോലിയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഖനികളിലും മില്ലുകളിലും ജോലി ചെയ്യുന്നവർ കുറച്ചുകാലമെ ആ ജോലി തുടരാറുള്ളു. വ്യാപാരികളുടെ വ്യവസായത്തിന്റെ ഭാഗമായിരുന്നു അവർ. അടിമകൾക്ക് വില കുറവായിരുന്നു. അവർക്ക് പകരം ഒരു കഴുതയോ അല്ലെങ്കിൽ ആടിനെയോ വാങ്ങാമായിരുന്നു.

ദാസന്മാരോടുള്ള പൗലൊസിന്റെ നിർദ്ദേശങ്ങളുമായി താരതമ്യം ചെയ്താൽ,

പത്രൊസിന്റേതിൽ രണ്ട് അപ്രതീക്ഷിത വാക്കുകൾ കാണാം. (1) അവൻ സംബോധന ചെയ്തത് "ഭൃത്യന്മാരേ", അല്ലെങ്കിൽ "വീട്ടുവേലക്കാരേ" എന്നാണ് (*ഓയികേടായി*), എന്നാൽ പൗലൊസ് പരുഷമായ വാക്കാണ് ഉപയോഗിച്ചത്, അർത്ഥം, "ബോണ്ട്-സെർവന്റ്സ്" (*ഡൗലൊയി*; എഫെ. 6:5; കൊലൊ. 3:22). (2) പത്രൊസ് "യജമാനന്മാർക്ക്" പരുഷമായ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (*ഡെസ്പോടായി*), പക്ഷെ പൗലൊസ് അതിനു സൗമ്യമായ വാക്ക്, *കുറിയോയി* ആണ് ഉപയോഗിച്ചിരിക്കുന്നത്. മൈക്കിൾസ് ചെയ്തതുപോലെ, പത്രൊസിന്റെ വാക്കുകളെ സാഹിത്യത്തെ മാത്രം[12] അടിസ്ഥാനമാക്കി തള്ളിക്കളയുന്നത് ഉചിതമായിരിക്കുകയില്ല, അതേ സമയം അവർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം അത്ര കാര്യമല്ല താനും. പത്രൊസ് തിരഞ്ഞെടുത്ത വാക്കുകൾ ഒരു ചോദ്യം ഉയർത്തുന്നു. പത്രൊസ് ഉപദേശിച്ചത് "ബോണ്ട്-സേർവന്റ്സിനെയോ" (*ഡൂലോയ്*) അതോ വ്യത്യസ്തമായിട്ടായിരുന്നോ?

ഗ്രീക്ക്-റോമാ ലോകത്തെ അടിമത്വം എന്നത് ന്യായമായ സ്ഥാപനമായി കരുതുന്നവർ പുരാതനലോകത്തെ ആളുകൾ അടിമത്വത്തെ കണ്ടിരുന്നത് നേരില്ലാത്ത കാഴ്ച്ചപ്പാടോടെയായിരുന്നു എന്നത് തിരിച്ചറിയണം.[13] വീട്ടുവേലക്കാരയും അദ്ധ്യാപകരേയും, കണക്കെഴുത്തുകാരെയും, അകത്തെ ജോലിക്കാരെയും ധനികന്മാർ നല്ല രീതിയിലായിരുന്നു കണ്ടിരുന്നത്. ആധുനിക കാലത്ത് ഒരു കമ്പനിയിൽ കണക്കെഴുത്ത് ജോലി ചെയ്യുന്നതുപോലെയായി അവരുടെ എഴുത്തുകളിൽനിന്ന് തോന്നിയേക്കാം. എന്നാൽ പൊതുവിൽ സ്ഥിതി അതായിരുന്നില്ല. അടിമകളായി വരുന്ന മിക്കപേരും പ്രാഗത്ഭ്യമില്ലാത്തവരായിരുന്നു. സാധാരണ അടിമകളെ ആരെങ്കിലും വല്ലപ്പോഴും ഒന്ന് എത്തിനോക്കിയാൽ ആയി എന്നു മാത്രം എന്നാണ് പുരാതന രേഖകൾ തെളിയിക്കുന്നത്, എന്നാൽ മഹാന്മാർക്ക് മില്ലുകളിലും ഖനികളിലും ജോലി ചെയ്യുന്നവരോട് വ്യക്തിപരമായ ബന്ധം ഇല്ലായിരുന്നു എന്നു പറയാം. അവർ കന്നുകാലികളെ പോലെയായിരുന്നു. ഒരു അടിമ മരിച്ചാൽ, സാമ്പത്തിക നഷ്ടം എന്നല്ലാതെ മറ്റൊന്നുമായിരുന്നില്ല. വീട്ടുജോലിക്കാരായ ദാസന്മാർ പോലും യജമാനന്റെ അതിർ ലംഘിച്ചാൽ അവർ അതോടെ അവസാനിക്കുമായിരുന്നു. അധികാരികളാണെങ്കിൽ മിക്ക അടിമകൾക്കും എന്തു സംഭവിച്ചു എന്നു പോലും അന്വേഷിക്കാറില്ല.[14] "ദാസന്മാരോട്" ഉപദേശിക്കുന്നതിൽനിന്നും വ്യത്യസ്തമായിട്ടാണ് "വീട്ടുവേലക്കാരായ ദാസന്മാരോട്" പത്രൊസ് ഉപദേശിക്കുന്നത്. ഏറ്റവും നിന്ദിക്കപ്പെട്ട ദാസന്മാരെയും വിട്ടുകൊടുക്കാതെ, നശിപ്പിക്കുകയോ കൊല്ലുകയോ ചെയ്യും; ബഹുമാനത്തോടെ കീഴടങ്ങിയിരിക്കുവാനുള്ള അപേക്ഷ നൽകുവാൻ പോലും അവർക്ക് കഴിഞ്ഞിരുന്നില്ല.

ബഹുമാനം എന്നതിന് എൻഎഎസ്ബി തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക് (ഫോബോസ്) ക്രിയയായി 2:17-ൽ തർജ്ജിമ ചെയ്തിരിക്കുന്ന "ഭയം" എന്നതിന്റെ നാമരൂപമാണ്, "ദൈവത്തെ ഭയപ്പെടുവിൻ" എന്നാണ് ആ വാക്യത്തിലുള്ളത്. ദൈവത്തെ കരുതുന്നതുപോലെ ദാസന്മാർ തങ്ങളുടെ യജമാനന്മാരെ കാണണം എന്നല്ല പത്രൊസ് അർത്ഥമാക്കിയത്. എങ്കിലും, "ബഹുമാനം" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക് ബലഹീനമാണ്. "കർത്താവിൻ നിമിത്തം" ആയിരുന്നു ദാസന്മാർ യജമാനന്മാർക്കും ഗവൺമെന്റിനും കീഴടങ്ങേണ്ടിയിരുന്നത് (2:13). ദാസന്മാർ ദൈവഭയം നിമിത്തം കീഴടങ്ങുവാനല്ല പത്രൊസ് അർത്ഥമാക്കിയത്. മറിച്ച് അവരുടെ അപകടകരമായ അവസ്ഥ വെച്ചുകൊണ്ടാണ് അവൻ അങ്ങനെ പറഞ്ഞത്. കീഴടങ്ങലിൽ കുറവുള്ള

തെല്ലാം സ്വയം പരാജയപ്പെടുത്തുന്നതാണ്. അവർ നിസ്സഹായരായിരുന്നു. തങ്ങളെ ബഹുമാനിക്കുന്ന നല്ലവരായ യജമാനന്മാരെ തിരഞ്ഞെടുക്കുവാൻ ദാസന്മാർക്ക് അവകാശമില്ലായിരുന്നു. അവരുടെ ഭയാനകമായ അവസ്ഥ നിമിത്തം അവർ നല്ലവരും, ശാന്തന്മാരും [ആയിരുന്നവർക്ക്] മാത്രമല്ല, മൂർഖ ന്മാർക്കും കീഴടങ്ങിയിരിക്കണെ [മായിരുന്നു].

**വാക്യം 19**. കീഴടങ്ങൽ സ്വാതന്ത്ര്യത്തോട് ബന്ധപ്പെടുത്തിയാണ് പത്രൊസ് പറഞ്ഞത് (2:13, 16). അടിമകളായി കീഴടങ്ങിയിരിക്കുന്നവർക്ക് എന്തെങ്കിലും സ്വാതന്ത്ര്യം ഉണ്ടോ? **ആനുകൂല്യം** (*കാരിസ്*) എന്ന അർത്ഥ ത്തിൽ സ്വാതന്ത്ര്യത്തെ കണ്ടാൽ അതിന് ഒരുപക്ഷെ ബന്ധമുള്ളതായി കാണു വാൻ കഴിഞ്ഞേക്കാം. ദാസന്മാർ കീഴടങ്ങുന്നത് ഭയം നിമിത്തമാണെങ്കിലും, അത് പ്രത്യാശയിലേക്കും സമാധാനത്തിലേക്കും നയിക്കുവാൻ സാധ്യതയുണ്ട്. (അതെല്ലാം അന്തർലീനമായിരിക്കുന്നത് "ആനുകൂല്യം" എന്ന വാക്കിലാണ്), അവരുടെ മനസ് ദൈവത്തിലേക്കും തദ്വാരാ സഹോദരീസഹോദരന്മാരോടും ചേരുവാൻ കഴിയും. പൗലൊസ് *കാരിസ്* എന്ന വാക്ക് എടുത്ത് ക്രിസ്തീയ വിശ്വാസത്തിലെ ഏറ്റവും പ്രത്യേകതയുള്ള ഉപദേശമാക്കി മാറ്റിയിരിക്കുന്നു. പൗലൊസിന്റെ ലേഖനങ്ങളിലെല്ലാം ആ വാക്കിനെ "കൃപ" എന്നാക്കിയിരി ക്കുന്നു. പത്രൊസ് ഉപയോഗിച്ചിരിക്കുന്നത് അവനു ചുറ്റുമുള്ള ലോകക്കാർ ഉപയോഗിച്ചതുപോലെയാണ്. ദാസന്മാർ തങ്ങൾ നേരിടുന്ന പ്രയാസങ്ങളെ ഓർക്കാതെ ദൈവത്തെ ശ്രദ്ധിക്കുവാനാണ് അപ്പൊസ്തലൻ അവരെ ഉത്തേ ജിപ്പിച്ചത്. വിശ്വാസ സമൂഹത്തിലുള്ളവർ, സ്വതന്ത്രരെ പോലെ സ്വയമായി ദൈവത്തിനു കീഴടങ്ങണം. തങ്ങളുടെ പ്രതിസന്ധികളിൽ *കാരിസിൽ* കൂടെ അവരെ കാണുന്നതാണ് ഇപ്പോൾ സ്വാതന്ത്ര്യം.

**ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായിട്ടത്രെ** പത്രൊസ് കീഴടങ്ങുവാൻ അപേക്ഷിച്ചത്. പത്രൊസ് ഉപയോഗിച്ച "മനസാക്ഷി" എന്ന വാക്ക് (*സുനെയി ഡെസിസ്*) മൂന്നു പ്രാവശ്യം ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത് കാ ണാം. മറ്റു രണ്ട് സന്ദർഭങ്ങളിൽ (3:16, 21), "നല്ല" എന്ന വാക്കോടുകൂടിയാണ് ഉപ യോഗിച്ചിരിക്കുന്നത്, പ്രയാസമില്ലാതെയാണ് അത് അവതരിപ്പിച്ചിരിക്കുന്നത്. ഈ വാക്യത്തിലെ "മനസാക്ഷിയുടെ" അർത്ഥം അത്ര വ്യക്തമല്ല. അക്ഷരിക മായി അത് തർജിമ ചെയ്തിരിക്കുന്നത് "ദൈവത്തിന്റെ മനസ്" (*സുമെയിഡെ സിൻ തെയൗ*). "ദൈവത്തിന്റെ" സംബന്ധികാവിഭക്തി പ്രയാസമുള്ളതാണ്. ദൈവത്തിന്റെ സ്വന്ത മനസ് നിമിത്തമായിരുന്നില്ല പത്രൊസ് ദാസന്മാരോട് അനുസരിക്കുവാൻ പറഞ്ഞത്. സുനെയിഡെസിസ് എന്ന വാക്കിനു യോജിച്ച വാക്കല്ല ഇംഗ്ലീഷിലെ "കോൺഷിയസ്." അത് അറിവ് പങ്കിടുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഈ സന്ദർഭത്തിൽ, ദാസന്മാർ തങ്ങളെ പോലെ ക്രിസ്തു വിൽ വിശ്വാസം അർപ്പിച്ചവരോട് അറിവ് പങ്കിടുന്നതാണ് ഉദ്ദേശിക്കുന്നത്. അവർ പങ്കിടേണ്ട അറിവ് ദൈവമായിരുന്നു. അവർ "ദൈവമനസ്" പങ്കിട്ടതു കൊണ്ടായിരുന്നു ദാസന്മാർ കീഴടങ്ങേണ്ടിയിരുന്നത്.[15] ജെ. എൻ. ഡി. കെല്ലി ഇതിനെ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നു "ദൈവ പരിജ്ഞാനം നി മിത്തമാണ് ദൈവത്തിന്റെ വിശുദ്ധജനം ആയ ക്രിസ്ത്യാനികൾ സഹ-ക്രി സ്ത്യാനികളുമായി പങ്കിടുന്നത്."[16] എൻഐവി തർജിമ ചെയ്യുന്നത് "അവന് ദൈവമനസ് ഉള്ളതിനാൽ" എന്നാണ്, അത് ഏകദേശം അതേ ആശയമാണ് നൽകുന്നത്. **ഒരാൾ അന്യായമായി കഷ്ടം സഹിച്ചാൽ ലഭിക്കുന്ന** ആനുകൂ ല്യം പത്രൊസിന്റെ വായനക്കാർ പങ്കിട്ടു.

**വാക്യം 20. എന്ത് യശസുള്ളു** എന്ന അലങ്കാരബഹുലമായ പത്രൊസിന്റെ ചോദ്യം വ്യക്തമാക്കുന്നത് താൻ മുൻപ് പറഞ്ഞ ചിന്ത തുടരുന്നു എന്നാണ്. "യശസും" "ആനുകൂല്യവും" സമാന്തരമാണ്. "എന്ത് യശസുള്ളു ... ?" എന്നതു "എന്ത് ആനുകൂല്യമാണുള്ളത് ... ?" എന്നതിനു തുല്യമാണ്. ആ ചോദ്യത്തിൽ തന്നെയുണ്ട് ഉത്തരം. ഒന്നുമില്ല എന്നതാണ്. ലൂക്കൊസ് 6:32-ൽ എൻഏഎസ്ബി അതേ വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "യശസ്" എന്നത്, "നിങ്ങളെ സ്നേഹിച്ചവരെ സ്നേഹിച്ചാൽ, നിങ്ങൾക്ക് എന്ത് ഉപകാരം കിട്ടും?" അത് 1 പത്രൊസ് 2:19-ൽ തർജ്ജിമ ചെയ്തിരിക്കുന്നത് "ആനുകൂല്യം" എന്നാണ്. ഇവിടെ മനുഷ്യർ ചെയ്യുന്ന നല്ല പ്രവൃത്തികളും മോശമായ പ്രവൃത്തികളും ദൈവം എഴുതി സൽക്കീർത്തിയും ദുഷ്ക്കീർത്തിയും രേഖപ്പെടുത്തും എന്നല്ല പറയുന്നത്. മറിച്ച് ദാസന്മാരായാലും അല്ലെങ്കിലും ആളുകൾ അതിന് അർഹരായാലും-അല്ലെങ്കിൽ **അന്യായം ചെയ്താലും** അത് ക്ഷമയോടെ സഹിക്കണം അത്തരം പ്രവൃത്തികളിലല്ല ദൈവം പ്രസാദിക്കുന്നത്. കാരണം ഫലം എന്തായാലും, ദൈവം **പാപത്തെ** ഇഷ്ടപ്പെടുന്നില്ല.

വിലകുറഞ്ഞ ദാസന്മാരായാൽ പോലും, അവരിൽനിന്നു ഉയർന്ന ആത്മികവും ധാർമ്മികവുമായ സ്വഭാവമാണ് പത്രൊസ് ആവശ്യപ്പെട്ടത്. കഷ്ടം ഏൽക്കുന്ന ആൾ അതിന് യോഗ്യമാണോ അല്ലയോ എന്നത് പ്രശ്നമല്ല. ശരിയായത് ചെയ്യുക എന്നതാണ് കാര്യം. ഒരു പാപത്തെയും ദൈവം മാനിക്കുന്നില്ല. **ശരിയായത് ചെയ്യുന്നവനെ**, കർത്താവിനെ അനുസരിക്കുന്നവനെ, അവന്റെ നാമം നിമിത്തം കഷ്ടത **ക്ഷമയോടെ സഹിക്കുന്നവനെയാണ്** ദൈവം മാനിക്കുന്നത്. 2:19-ൽ അവൻ തുടങ്ങിയതായ വാക്കാണ് പത്രൊസ് 2:20-ൽ ചുരുക്കി പറഞ്ഞിരിക്കുന്നത്. ഒരാൾ "അന്യായമായി കഷ്ടം ... സഹിക്കുമ്പോഴാണ്", അത് **ദൈവത്തിന്നു പ്രസാദകരം** [*കാരിസ്*] ആകുന്നത് (2:19). "നീതി നിർവ്വഹിക്കുന്നതിൽ ... കഷ്ടത ക്ഷമയോടെ ... സഹിച്ചാ [ൽ] അത് ദൈവ സന്നിധിയിൽ പ്രസാദകരമാകും."

കീഴടങ്ങുവാൻ അപേക്ഷിച്ചിരിക്കുന്നത് മറുവശത്തുള്ള വിശ്വാസികൾക്ക് പ്രാധാന്യവും പ്രയോജനവും ഉള്ളതാണ്. അവർ കീഴടങ്ങുമ്പോൾ, ക്രിസ്ത്യാനികൾ സമൂഹത്തിൽ ക്രമവും സമാധാനവും ഉണ്ടാക്കുകയാണ്. അവരുടെ പ്രത്യാശ "സന്ദർശന ദിവസത്തിനായി" സൂക്ഷിച്ചിരിക്കയാൽ (2:12), ലോക പട്ടണങ്ങളിലെ അവരുടെ താൽക്കാലിക വാസത്തെ അങ്ങനെ തിരിച്ചറിയുന്നു. അധികാരത്തിന് അവർ കീഴടങ്ങി ബഹുമാനിക്കുമ്പോൾ അവർക്ക് സമാധാനത്തിൽ കഴിയുവാനും, അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തുവാനും സാധിക്കും. ദാസന്മാരോട് കീഴടങ്ങുവാൻ പറഞ്ഞ അതേ അർത്ഥത്തിലല്ല ഗവൺമെന്റിനു കീഴ്പ്പെടുവാൻ പറഞ്ഞിരിക്കുന്നത്. അനീതിക്കും, ക്രൂരതക്കും വഴങ്ങുന്നവരായിട്ടാണ് ദാസന്മാർ കീഴടങ്ങുന്നത്. ദാസന്മാരോട് "അന്യായം ചെയ്യുന്നത്" അന്ന് അസാധാരണമായിരുന്നില്ല. ശിക്ഷ നീതിയായാലും അനീതിയായാലും, ദാസന്മാർ അത് സഹിക്കണം. പത്രൊസ് ഉപയോഗിച്ച ക്രിയ *കൊലൊഫിസോ,* പുതിയ നിയമത്തിൽ, പ്രത്യേകിച്ച് സാഹിത്യത്തിൽ, അപൂർവ്വമായിട്ടാണ് കാണുന്നത്. യേശുവിനെ ക്രൂശിൽ തറെക്കുന്നതിനു മുമ്പ് അവനെ അടിക്കുന്നത് വിവരിക്കുമ്പോൾ ആ വാക്ക് പ്രാധാന്യത്തോടെ ഉപയോഗിച്ചിരിക്കുന്നു (മത്താ. 26:67; മർ. 14:65). ദാസന്റെ വഴങ്ങലും, നിരപരാധിയുടെ കഷ്ടത എന്നിവ പത്രൊസിന്റെ മനസിലേക്ക് ക്രൂശ് ആണ് എത്തിയത്.

## ക്രൂശിൽ യേശുവിന്റെ കീഴടങ്ങൽ
## (2:21-25)

**[21]അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. [22]അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. [23]തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രേ ചെയ്തത്. [24]നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന്ന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു. [25]നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെ പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്ക് മടങ്ങി വന്നിരിക്കുന്നു.**

തങ്ങളുടെ യജമാനന്മാർക്ക് കീഴടങ്ങുവാൻ കൊടുത്ത പ്രബോധനം, ആവശ്യമുള്ള അന്യായമായി കഷ്ടം സഹിക്കുവാൻ കൂടെ ആയിരുന്നു (2:18–20), അത് പുതിയ നിയമത്തിലെ മറ്റെല്ലാ ഉപദേശങ്ങളേക്കാളും വിലയുള്ളതാകുന്നു. കാരണം നമുക്ക് പകരമായി നമ്മുടെ യജമാനൻ ആയ ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി തീർന്നു (2:21–25). പത്രൊസ് ക്രൂശിന്റെ സിദ്ധാന്തമൊന്നും അവതരിപ്പിക്കാതെ ദൈവവും മനുഷ്യരും തമ്മിലുള്ള നിരപ്പ് അവതരിപ്പിക്കുകയായിരുന്നു. യേശു മരിച്ചപ്പോൾ, ഒരുവിധത്തിൽ മനുഷ്യരുടെ പാപം ഏറ്റുകൊണ്ടായിരുന്നു മരിച്ചത്.

**വാക്യം 21.** ഈ ലേഖനത്തിൽ പത്രൊസ് പല പ്രാവശ്യം തന്റെ വായനക്കാരെ ദൈവം വിളിച്ചത് ഓർമ്മിക്കുന്നു. 2:9–ൽ, അവരെ വിളിച്ചത് ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കാണ്, 3:9–ൽ, ശാപത്തിനു പകരം അനുഗ്രഹിക്കുവാൻ വിളിക്കപ്പെട്ടു, 5:10–ൽ, അവരെ വിളിച്ചത് നിത്യമഹത്വത്തിനായി. ഇവിടെ അവരെ **വിളിച്ചത് ഈ ഉദ്ദേശത്തിനാണ്**, ശരിയായതു ചെയ്യുവാനും, ക്രിസ്തുവിനെ പോലെ കഷ്ടത ക്ഷമയോടെ സഹിക്കുന്നതിനുമാണ് (2:20). ആ സമയത്ത് ദാസന്മാർ രണ്ടാമത് വരുന്ന കാര്യമാണ്; വാക്കുകൾ ക്രിസ്ത്യാനികൾക്കുമുള്ളതാണ്. ഒരാൾ അന്യായമായി കഷ്ടം ഏൽക്കേണ്ടി വരുമ്പോൾ, **ക്രിസ്തുവും** അന്യായമായി **കഷ്ടത** ഏറ്റു എന്നു കരുതുക. ആളുകൾ ക്രിസ്തുവിനോട് അന്യായമായി പെരുമാറി എങ്കിൽ, അവന്റെ അനുയായികളോടും അവർ അന്യായമായി ഇടപെടും (മത്താ. 10:24, 25). ഒരു മനുഷ്യൻ എന്നാൽ എന്താണെന്ന് അറിയുവാൻ ദൈവം ഒരിക്കലും മനുഷ്യൻ ആകാത്തതിനാൽ അവൻ മനുഷ്യനെ വിധിക്കുകയില്ല എന്നാണ് ഇയ്യോബ് പരാതിപ്പെട്ടത് (ഇയ്യോ. 10:4–6). യേശു മനുഷ്യവേഷം എടുത്തപ്പോൾ, അവൻ ആ പരാതിയും നീക്കം ചെയ്തു.

ക്രിസ്തു കഷ്ടം ഏൽക്കുക മാത്രമായിരുന്നില്ല. അവൻ **നിങ്ങൾക്ക് വേണ്ടി**യാണ് കഷ്ടം ഏറ്റത് എന്നു പത്രൊസ് പറഞ്ഞു. പൗലൊസ് എഴുതിയിരിക്കുന്നു, "ക്രിസ്തു നിങ്ങൾക്ക് വേണ്ടി മരിച്ചു" (റോമ. 5:6; 1 കൊ. 15:3). ഈ ലേഖനത്തിൽ പത്രൊസ് പിന്നീടും പറഞ്ഞു (3:18). നന്ദി എന്ന മനോഭാവമാണ് നമ്മെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നതും ക്രിസ്തുവിന്റെ മാതൃക

പിൻപറ്റുവാൻ പ്രേരിപ്പിക്കുന്നതും. മനുഷ്യനിൽ അജ്ഞതയും പാപക്കറയും ഏറുമ്പോൾ, തന്റെ സൃഷ്ടിയോട് സഹതാപം കാണിപ്പാൻ അവൻ നസറേത്തു കാരനായ യേശുവിൽ അവരുടെ അടുക്കൽ എത്തുന്നു. ക്രൂശ് മനുഷ്യർക്ക് വേണ്ടിയായിരുന്നു. "നിങ്ങൾക്ക് വേണ്ടി അവൻ കഷ്ടത ഏറ്റതുകൊണ്ടാണ്" **അവൻ നിങ്ങൾക്ക് മാതൃകയായത്**. "അവൻ നിങ്ങൾക്ക് വേണ്ടി മരിച്ചു" എന്ന പ്രസ്താവനയേക്കാൾ ക്രൂശിലെ സംഭവം വ്യാപിപ്പിക്കുന്നതാണ് അവന്റെ മരണത്തെ പ്രസ്താവിക്കുക എന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ മേൽ ക്രിസ്തു അവകാശപ്പെടുന്നതിനെ പത്രൊസ് കൂടുതൽ വ്യക്തമാക്കുന്നു. അപ്പൊസ്തലന്മാർ ക്രിസ്ത്യാനികളിൽ നിന്നു പ്രതീക്ഷിക്കുന്ന നന്ദിയാണ്.

ക്രിസ്തീയ ജീവിതത്തിൽ എല്ലാ കാര്യങ്ങളിലും ക്രിസ്ത്യാനികൾക്ക് ക്രിസ്തുവാണ് മാതൃക (മർ. 8:34; യോഹ. 13:15; ഫിലി. 2:5; 1 തെസ്സ. 1:6; എബ്രാ. 12:2; 1 യോഹ. 2:6). മറ്റു കാര്യങ്ങളിൽ ക്രിസ്തു "ഒരു മാതൃക" ആയിരിക്കുന്നത് (1) അവൻ ശരിയായത് ചെയ്തുകൊണ്ടാണ് കഷ്ടത ഏറ്റത് (2) അവൻ ക്ഷമയോടെ അത് സഹിച്ചു, കഷ്ടത ഒരിക്കലും സുഖമായിരിക്കയില്ല, എന്നാൽ കർത്താവ് കഷ്ടത ഏറ്റു. അവന്റെ ആളുകൾ അവന്റെ ഓഹരിയാണ് പങ്ക് വെക്കേണ്ടത്. അവന്റെ ആളുകൾക്ക് അവനാണ് മോഡെൽ. അത്ഭുതകരമായ ഒരു പ്രസ്താവന പൗലൊസ് എഴുതി, "ഞാൻ നിങ്ങൾക്ക് വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു, ... ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് സഭയായ ശരീരത്തിന്ന് വേണ്ടി പൂരിപ്പിക്കുന്നു" (കൊലൊ. 1:24). ക്രിസ്തുവിനെ സ്വന്തമാക്കുമ്പോൾ, ആവശ്യമായതും അപ്രതീക്ഷിതവുമാണ് കഷ്ടത എന്നു അപ്പൊസ്തലൻ വിശ്വസിച്ചിരുന്നു.

അവന്റെ **കാൽപാടുകളെ വിശ്വാസികൾക്ക് പിൻപറ്റുവാൻ** അവൻ വെച്ചേച്ചു പോയതാണ് മാതൃക എന്നു പത്രൊസ് പറഞ്ഞപ്പോൾ പ്രാധാന്യത്തിന് ഒട്ടും കുറവില്ല. പത്രൊസ് അർത്ഥവത്തായ വാക്ക് "മാതൃക" ആണ് (*ഹുപോഗ്രാമോസ്*) ഉപയോഗിച്ചത്, അത് പുതിയനിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. ഒരു കുട്ടി പാട് പെട്ട് തന്റെ പെൻസിൽ ഉപയോഗിച്ച് അക്ഷരങ്ങളിൽകൂടെ വരക്കുന്നതിനെ ആണ് കാണിച്ചിരിക്കുന്നത്. ആ കുട്ടി ഉണ്ടാക്കിയത് *ഹൂപോഗ്രാമോസ്*, അല്ലെങ്കിൽ മാതൃക ട്രെയിസ് ചെയ്തതാണ്. പത്രൊസ് ലേഖനമെഴുതി ദശകങ്ങളോളം ക്രിസ്ത്യാനികൾ ഊന്നൽ കൊടുത്ത ഒന്നായിരുന്നു അവരുടെ ജീവിതത്തിലെ കഷ്ടത. പത്രൊസ് ലേഖനം എഴുതി അര നൂറ്റാണ്ട് കഴിഞ്ഞപ്പോൾ അന്ത്യോക്യക്കാരനായ ഇഗ്നേഷിയസ് അപേക്ഷിച്ചു, "നാം കൂടുതൽ നിന്ദിക്കപ്പെട്ടും, പരിഹസിക്കപ്പെട്ടും, കൂടതലായി തെറ്റുകളെ സഹിച്ച് കഷ്ടതയേറ്റ് നമുക്ക് കർത്താവിനെ അനുകരിക്കാം."[17]

**വാക്യം 22**. ഒരു രക്ഷകനെ അയക്കുന്ന കാര്യം യിസ്രായേൽ ജനത്തോട് ദൈവം വാഗ്ദാനം ചെയ്തത് പത്രൊസിന്റെ വായനക്കാർക്ക് വിശദമാക്കി കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു, കാരണം **അവൻ പാപം ഒന്നും ചെയ്തിട്ടില്ല** എന്നു പ്രവാചകൻ, യെശയ്യാവ് 53:9-ൽ മുന്നറിയിച്ചിരുന്നു. രക്ഷകനെ അയക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്ത അടിസ്ഥാന വേദഭാഗമാണ് യെശയ്യാവ് 53. ഫിലിപ്പൊസ് തേരിനോട് ചേർന്നു നടന്നപ്പോൾ ഷണ്ഡൻ വായിച്ചുകൊണ്ടിരുന്ന വേദഭാഗം യെശയ്യാവ് 53 ആയിരുന്നു (പ്രവൃ. 8:32, 33). "ആ തിരുവെഴുത്ത് ആധാരമാക്കി ഫിലിപ്പൊസ് അവനോട് ക്രിസ്തുവിനെ കുറിച്ച് അറിയിച്ചു" (പ്രവൃ. 8:35). ഉദ്ധരണി പറയാതെ തന്നെ ക്രിസ്തീയ മനസിന് മനസിലാക്കുവാൻ കഴിയുന്ന വിധത്തിലാണ് ഈ അദ്ധ്യായം ക്രമപ്പെടുത്തിയി

രിക്കുന്നത് എന്നു പറയാം. യേശുവിനെ മാതൃകയാക്കുവാൻ മാത്രമല്ല പുതിയ നിയമം പറയുന്നത്, പിന്നെയോ, അവൻ ഒരു പാപവും ചെയ്തില്ല എന്നുകൂടെ നമ്മെ ഉറപ്പിക്കുകയാണ് (യോഹ. 8:29; 2 കൊ. 5:21; എബ്രാ. 4:15; 1 യോഹ. 3:5). അവനിൽ പാപം ഒന്നും ഇല്ലാതിരുന്നതുകൊണ്ട്, തന്റെ ശിഷ്യന്മാരിൽനിന്ന് ഒട്ടും കുറവായി യേശു പ്രതീക്ഷിക്കുന്നില്ല (മത്താ. 5:48). ഏറ്റവും നല്ല ആളുകൾ എന്നറിയപ്പെടുന്ന ആളുകാളാണെങ്കിലും, അപൂർണ്ണതയുള്ള ആളുകളുടെ മദ്ധ്യേ, യേശു "നിങ്ങൾക്ക് വേണ്ടി കഷ്ടമേറ്റു" (2:21). പുതിയ നിയമത്തിൽ "പാപം" എന്ന വാക്ക് വായിക്കുമ്പോൾ നമുക്ക് പുഞ്ചിരിക്കുവാനോ, അല്ലെങ്കിൽ അടക്കിപ്പിടിച്ച് ചിരിക്കുവാനോ കഴിയുകയില്ല. അത് ദൈവത്തെ അപമാനിക്കുകയും പാപിയെ നശിപ്പിക്കുകയും ചെയ്യും.

സംസാര കാര്യത്തിൽ യേശുവിൽ പാപം ഇല്ല എന്ന അർത്ഥത്തിലാണ് പത്രൊസ് തന്റെ വായനക്കാരോട് വഞ്ചനയും ചതിയും വിട്ടുകളവാൻ പറഞ്ഞത് (2:1). ഇപ്പോൾ അവൻ പറയുന്നത് യേശുവിന്റെ പങ്ക് ആയ **വായിൽ വഞ്ചന ഒന്നുമില്ലായിരുന്നു** എന്നതാണ് ആവശ്യപ്പെടുന്നത്. 2:1 ലും ഇവിടെയും, "വഞ്ചന" എന്നതിന് ഒരേ ഗ്രീക്ക് വാക്ക് ആണ് ഉപയോഗിച്ചിരിക്കുന്നത്. യെശയ്യാവിൽ നിന്ന് ആ വാക്കുകൾ ഉദ്ധരിച്ച് പത്രൊസ് ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന സംസാരത്തെ ചിത്രീകരിച്ചിരിക്കുന്നു. യാക്കൊബ് ധൈര്യത്തോടെ പറയുന്നു, "ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ട്, നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു" (യാക്കൊ. 3:2). യേശു പറഞ്ഞു, "നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും" (മത്താ. 12:37).

**വാക്യം 23.** പത്രൊസ് തുടർന്നു, തന്നെ **ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും ഇരുന്നു.** ആ വാക്കുകൾ നേരിട്ടുള്ള ഉദ്ധരണിയല്ല, പക്ഷെ പത്രൊസ് തന്റെ ചിന്ത യെശയ്യാവിൽനിന്നും എടുത്തുകൊണ്ടാണ് തുടരുന്നത്: "വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു" (യെശ. 53:7) എന്ന പ്രവാചകന്റെ വാക്കുകൾ യേശു നിരപരാധി ആയിരുന്നു എന്നു മാത്രമല്ല, അവന്റെ സൗമ്യതയെയും വിശ്വാസത്തെയും പ്രവാചകന്മാർ പറഞ്ഞിരുന്നു. യെശയ്യാവിന്റെ വാക്കുകളെ ഉറപ്പിക്കുന്നവയാണ് സങ്കീർത്തനങ്ങൾ 22 ഉം സങ്കീർത്തനങ്ങൾ 69 ഉം. ക്രിസ്തു കഷ്ടത അനുഭവിച്ച രക്ഷകനാണ് (മർ. 15:34; സങ്കീ. 22 ഉം മർ. 15:23 ഉം സങ്കീർത്തനങ്ങൾ 69 ഉം നോക്കുക). ഒരാൾ ശാപത്തിനു പകരം ശാപമോ, ശകാരത്തിന് പകരം ഭീഷണിപ്പെടുത്തുകയോ ചെയ്യുമ്പോൾ, അയാൾ ക്രിസ്തുവിന്റെ മാതൃക വിട്ടുകളയുകയാണ്. "ശകാരം" എന്നത് വാക്കുകൾ കൊണ്ട് മോശമായി സംസാരിക്കുന്നത്, വാക്കുകൾ കൊണ്ടുള്ള ഉപദ്രവമാണ്. യേശുവിനെ ക്രൂശിൽ തറെച്ചപ്പോൾ, അവൻ അത്തരം തീവ്രമായ അനുഭവങ്ങളിൽകൂടെയാണ് കടന്നു പോയത്. മത്തായിയുടെ വാക്കുകൾ നന്നായി വ്യക്തമാക്കുന്നു, "അപ്പോൾ അവർ അവന്റെ മുഖത്ത് തുപ്പി, അവനെ മുഷ്ടി ചുരുട്ടി കുത്തി, ചിലർ അവനെ കന്നത്തടിച്ചു; ക്രിസ്തുവേ നിന്നെ തല്ലിയത് ആർ എന്നു ഞങ്ങളോട് പ്രവചിക്ക എന്നു പറഞ്ഞു" (മത്താ. 26:67, 68). പത്രൊസ് തന്റെ ഓർമ്മയിൽനിന്ന് ആവശ്യമുള്ളതെല്ലാം പുറത്തെടുത്തു. യേശുവിനെ ക്രൂശിൽ തറെച്ചപ്പോൾ അവൻ അടുത്തു തന്നെ ഉണ്ടായിരുന്നു. കർത്താവിനെ പടയാളികൾ അടിച്ച അടിയും കുത്തിയ കുത്തും അവൻ കണ്ടുകാണാം. യേശു തന്റെ ശത്രൂക്കളോട് എതിരായി അവൻ ഇടറുകയോ

ആ ശത്രുക്കൾക്കെതിരായി പകരം വീട്ടുകയോ ചെയ്തില്ല.

അപ്പോഴേക്ക്, ദാസന്മാർക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ കൊടുത്തിട്ട് പത്രൊസ് പോയിരിക്കാം അപ്പൊസ്തലന്റെ എല്ലാ ക്രിസ്തീയ വായനക്കാരോടുമായിരുന്നു ഈ പ്രബോധനം. ദാസന്മാരോട് യജമാനന്മാർക്ക് കീഴടങ്ങുവാൻ പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. ദാസന്മാരോട് യജമാനന്മാർ അന്യായമായി പെരുമാറുവാൻ സാധ്യതയുണ്ടെന്ന് അവൻ അറിയാതിരുന്നില്ല. ആ സമയത്ത്, കഷ്ടത എന്ന വിഷയം അവനെ മഥിച്ചിരുന്നു. ദാസന്മാർ മാത്രമല്ല, എല്ലാ വിശ്വാസികളും കഷ്ടത അനുഭവപ്പെടുമ്പോൾ, അവർ കർത്താവ് അനുഭവിച്ചത് ഓർക്കണം. പ്രതികാരം വീട്ടുന്നത് പഴയ സംസ്ക്കാരത്തിന്റെ ഭാഗം ആയിരുന്നുവെങ്കിലും, അവർ അങ്ങനെ പ്രതികാരം ചെയ്യരുതായിരുന്നു.

*ലെക്സ് ടാനിയോനിസിൽ* ഒരു ജന്മസിദ്ധമായ നീതിയുണ്ട്, പ്രതികാര നിയമം, മോശെയുടെ ന്യായപ്രമാണം അതിനെ ഇങ്ങനെ എടുത്തു കാണിക്കുന്നു: “മറ്റു ദോഷം വന്നിട്ടുണ്ടെങ്കിൽ, ജീവനു പകരം ജീവൻ കൊടുക്കേണം. കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്ക് പകരം കൈ, കാലിന്നു പകരം കാൽ, പൊള്ളലിന്നു പകരം പൊള്ളൽ, മുറിവിനു പകരം മുറിവ്, തിമിർപ്പിനു പകരം തിമിർപ്പ്” (പുറ. 21:23–25). അതാണ് ന്യായപ്രമാണം പറയുന്നത്, എന്നാൽ യേശു പ്രതികാരം ചെയ്തില്ല; അതിനാൽ അവനെ അനുഗമിക്കുന്നവരും പ്രതികാരം ചെയ്യുവാൻ പാടില്ല. ഒരാൾക്ക് പകരം വീട്ടുവാനുള്ള ശക്തി ഉണ്ടായിരിക്കാം, അല്ലെങ്കിൽ ഇല്ലായിരിക്കാം. അത് മറ്റൊരു വശം. വാക്കുകൾ കൊണ്ട് മോശമായി സംസാരിക്കുവാനുള്ള അവസരം ലഭിച്ചേക്കാം, അതിൽ അൽപം നീതിയും കണ്ടേക്കാം. എങ്ങനെയായാലും, ക്രിസ്ത്യാനികൾ അങ്ങനെ ചെയ്യുവാൻ പാടില്ല. അവർ യേശുവിന്റെ മാതൃകയാണ് പിൻപറ്റേണ്ടത്. **കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രേ ചെയ്തത്.**

പ്രതികാരത്തിനു പകരം, യേശുവിന്റെ മാതൃക കാണിച്ചത് ആശ്രയമായിരുന്നു. നീതി ഉപേക്ഷിക്കുവാനല്ല അപ്പൊസ്തലൻ തന്റെ വായനക്കാരോട് പറഞ്ഞത്. മറിച്ച്, നീതി ദൈവത്തിന് ഏൽപിക്കുവാനാണ് അവൻ നിർദ്ദേശിച്ചത്. അവൻ ആയിരിക്കട്ടെ ന്യായകർത്താവ്. അവർ “കാര്യം ന്യായമായി വിധിക്കുന്നവങ്കൽ ഭരമേൽപിക്കയായിരുന്നു” ചെയ്യേണ്ടിയിരുന്നത്. ചില രാഷ്ട്രീയക്കാർ പറയും “പ്രകോപിതരാകാതെ ശാന്തമായി കാര്യങ്ങളെ തരണം ചെയ്യുക.” “പ്രതികാരം വീട്ടുവാൻ” രാജാവായിരുന്ന ദാവീദിന് പരീക്ഷണം നേരിട്ടു. ശൗൽ കിടന്നുറങ്ങുന്നതിന്റെ അടുത്തുണ്ടായിരുന്ന ഒരു കുന്തം എടുത്ത് അവനെ കുത്തി കൊല്ലാമായിരുന്ന സമയത്ത് അവൻ പറഞ്ഞു, “യഹോവയുടെ അഭിഷിക്തനായ എന്റെ യജമാനന്റെ ... നേരെ കയ്യെടുക്കുന്നതായ ഈ കാര്യം ചെയ്‌വാൻ യഹോവ എനിക്ക് ഇട വരുത്തരുതേ” (1 ശമു. 24:6). നീതിയോടെ വിധിക്കുന്ന യഹോവയിലായിരുന്നു ദാവീദ് ആശ്രയിച്ചത്. ദൈവം നീതി നിർവ്വഹിക്കും എന്നതായിരുന്നു പത്രൊസിന്റെ ഉറപ്പ്; “നീതിയോടെ വിധിക്കുന്നത്” അവൻ മാത്രമാണ്. നിരപരാധിയെ ദുഷിക്കുന്നവർ, ദരിദ്രരെ ചൂഷണം ചെയ്യുന്നവർ, നിസഹായരെ മുതലെടുക്കുന്നവർ, എന്നിവർക്കെല്ലാം നീതിമാനായ ഒരു ന്യായാധിപൻ ഉണ്ട്. “അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ

വെളിപ്പെടേണ്ടതാകുന്നു" (2 കൊ. 5:10).

**വാക്യം 24**. ക്രിസ്തുവിന്റെ കഷ്ടത അനുകരിക്കുവാനുള്ള മാതൃകയായി അവതരിപ്പിച്ചതിൽനിന്ന് അപ്പൊസ്തലന്റെ ചിന്ത, മനുഷ്യരുടെ വീണ്ടെടുപ്പിനായി പാപമില്ലാത്ത യേശുവിന്റെ കഷ്ടതയുടെ പ്രാധാന്യത്തിലേക്ക് കടക്കുകയാണ്. **ക്രൂശിൽ അവൻ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു**. ആ പ്രതലത്തോട് യോജിക്കുന്നതാണ് യെശയ്യാവിന്റെ വാക്കുകൾ. "അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു" (യെശ. 53:5). പകരം പ്രായശ്ചിത്തമായി തീർന്നതാണ് ക്രിസ്തീയ വിശ്വാസത്തിലെ ഏറ്റവും സന്തോഷകരമായ ഉപദേശം. പത്രൊസ് അത് വീണ്ടും 3:18-ൽ പറയുന്നു. പാപങ്ങൾക്ക് വില നലകുന്നതിനായിരുന്നു യേശു മനുഷ്യരുടെ പാപം വഹിച്ച് കഷ്ടത അനുഭവിച്ചത്; എന്നാൽ കഷ്ടതയിൽ അധികം ഉൾപ്പെടുന്നതാണ് പ്രായശ്ചിത്തം. യേശു സ്വയമായി ദൈവത്തിന് കീഴ്പ്പെടുകയായിരുന്നു. പാപത്തിന് കണക്ക് കൊടുക്കണമെന്നതാണ് ദൈവത്തിന്റെ നീതി. ദൈവത്തിന്റെ നീതി എങ്ങനെ നിറവേറ്റണമെന്ന് യേശു ദൈവത്തിനായി പാപമില്ലാതെ ജീവിച്ച് മരിച്ച് കാണിച്ചിരിക്കുന്നു. ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് നാം ഉറപ്പിക്കുകയാണ്, ഉദാഹരണമായി, പാപം എന്നത് സാർവ്വലൗകികമായ മനുഷ്യന്റെ പരിശീലനമാണ് (റോമ. 3:23), ക്ഷമിക്കപ്പെടാത്ത പാപം ദൈവത്തിൽനിന്നു നിത്യവേർപാടിലേക്ക് നയിക്കും (റോമ. 6:23). യേശു തന്റെ **അടിപ്പിണരുകളാൽ** ദൈവജനത്തിന്റെ പാപത്തെ സൗഖ്യമാക്കുന്നു.

*സൂലോൺ* എന്ന ഗ്രീക്ക് വാക്ക് "ക്രൂശ്" എന്നു തർജ്ജിമ ചെയ്തിരിക്കുകയാൽ എൻഎഎസ്ബി അതിന്റെ വായനക്കാരോട് അനീതിയാണ് പുലർത്തിയത്. വൃക്ഷങ്ങൾക്കും അതിൽനിന്നും ഉണ്ടാക്കിയ വസ്തുക്കൾക്കും ഇംഗ്ലീഷിൽ അസംഖ്യം വാക്കുകൾ ഉണ്ട്. ഓരോന്നിനും അതിന്റേതായ അർത്ഥമാണ് ഉള്ളത്. ഉദാഹരണമായി, "മരം," "വൃക്ഷം," "ബോർഡ്," "മരക്കഷണങ്ങൾ," "പലക," "തടി" "വനം" എന്നിവ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതാണെങ്കിലും വ്യത്യസ്തമായ അർത്ഥമാണ് ഉള്ളത്. ഇംഗ്ലീഷിലേതുപോലെ, ഗ്രീക്കിലും ധാരാളം ഒരേപോലെയുള്ള വാക്കുകളുണ്ട് പക്ഷെ അർത്ഥം ഒന്നല്ല താനും. ജീവനുള്ള വൃക്ഷത്തിന് ഗ്രീക്കിൽ *ഡെൻഡ്രോൺ* എന്നാണ്. "ക്രൂശ്" എന്നതിനുള്ള ശരിയായ ഗ്രീക്ക് വാക്ക് *സ്റ്റൗറോസ്* ആണ്. കർത്താവിന്റെ ക്രൂശിനെ കുറിച്ച് പുതിയനിയമത്തിൽ പറയുമ്പോഴൊക്കെ ഉപയോഗിച്ചിരിക്കുന്നത് *സ്റ്റൗറൊസ്* ആണ്. പത്രൊസ് അവ ഒന്നും ഉപയോഗിച്ചില്ല. ഈ വാക്യത്തിൽ "ക്രൂശ്" എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നതിനർത്ഥം "മരം" അല്ലെങ്കിൽ "വൃക്ഷം" എന്നാണ്. ചിലപ്പോൾ അത് മരം കൊണ്ടുണ്ടാക്കിയ ഗദക്കും ഉപയോഗിച്ചിട്ടുണ്ട് (മത്താ. 26:47). എന്നാൽ പുതിയ നിയമത്തിൽ ഒന്നിലധികം പ്രാവശ്യം യേശു മരിച്ച ക്രൂശ് ഒരു "മരമായിരുന്നു" എന്നു പറയുന്നു (*സൂലോൺ*; പ്രവൃ. 5:30; 10:39; 13:29).

പത്രൊസിന്റെ വാക്ക് യാദൃശ്ചികമായിരുന്നില്ല. അതിനാൽ ഒരു പ്രധാനപ്പെട്ട പ്രസ്താവന നടത്തി. ആ വാക്കിന് ഒരു ഗദ എന്ന അർത്ഥമുള്ളതുകൊണ്ട, അതിന് ഒരു മരവടി എന്നും അർത്ഥം വരാം. മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ ഒരു മനുഷ്യൻ പരസ്യമായി ഗൗരവമായ പാപം ചെയ്താൽ അവനെ മരത്തിൽ തൂക്കിക്കൊല്ലുമായിരുന്നു. അവന്റെ കുറ്റത്തിന്റെ തീവ്രത വെളിപ്പെടുത്തിയ പ്രസ്താവനയിൽ പറയുന്നത് മൂർച്ചയുള്ള

തടിയുടെ ഭാഗം അവന്റെ ശരീരത്തിൽ തുളച്ചുകയറുന്ന വിധത്തിലായിരുന്നു തൂക്കൽ, എന്നിട്ട് മൃതശരീരം പരസ്യമായ കാഴ്ച്ചയാക്കുകയും ചെയ്യുമായിരുന്നു (ആവ. 21:22, 23). അങ്ങനെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനായിരുന്നു. ശൂലത്താലായിരുന്നില്ല മരണം എന്ന് യോശുവ 10:26, 27 വ്യക്തമാക്കുന്നു; മരിച്ച ആൾ ആരായിരുന്നു എന്നും ചെയ്തത് എന്തെന്നും എഴുതി മരത്തിന്മേൽ തൂക്കി നിർത്തുമായിരുന്നു.

യേശുവിന്റെ ക്രൂശിലെ മരണവും, ആവർത്തനപുസ്തകം 21:22, 23 ഉം തമ്മിലുള്ള ബന്ധം പൗലൊസ് തുറന്നു കാണിച്ചിരിക്കുന്നു. "മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതുപോലെ-ക്രിസ്തു നമുക്ക് വേണ്ടി ശാപമായി തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലെക്കു വാങ്ങി" (ഗലാ. 3:13). 1 പത്രൊസ് 2:24-ൽ എൻഏഎസ് ബി തർജ്ജിമ ചെയ്തിരിക്കുന്ന "ക്രൂശ്" എന്ന അതേ വാക്കു തന്നെയാണ് ഗലാത്യർ 3:13-ൽ "മരം" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. പത്രൊസ് തിരഞ്ഞെടുത്ത "മരം" പൗലൊസ് അതേ അർത്ഥത്തിൽ തന്നെയാണ് തിരഞ്ഞെടുത്തത്. ക്രൂശിലായപ്പോൾ യേശു നിന്ദിക്കപ്പെടുകയും ത്യജിക്കപ്പെടുകയും ചെയ്ത്, ദൈവത്താൽ ശപിക്കപ്പെട്ടവനായി. പ്രാരംഭ ക്രിസ്ത്യാനികൾ ക്രൂശിനെ "മരം," എന്നു പറഞ്ഞു കേട്ടപ്പോൾ, ക്രൂശിന്റെ അർത്ഥം അവർക്ക് വരച്ചു കാണിക്കയായിരുന്നു. യേശു ക്രൂശിലായപ്പോൾ, ദൈവത്തിന്റെ പ്രിയപുത്രനും പാപമില്ലാത്തവനും മനുഷ്യരുടെ നീതിക്കായി ശാപം വഹിച്ചു. പാപത്തിൽനിന്ന് അവർ സ്വാതന്ത്ര്യവും ജീവിതത്തിന് പ്രത്യാശയും അനുഭവിക്കേണ്ടതിനായിരുന്നു അവൻ ശാപം സഹിച്ചത്.

ഈ ലേഖനത്തിലുടനീളം പത്രൊസ് സ്നാനത്തോടടുത്ത് തന്നെ നിന്നിരുന്നു. ഈ വാക്യത്തിലേയും റോമർ 6:2-4 ലേയും സാമ്യം ശ്രദ്ധേയമാണ്. പൗലൊസ് ചോദിച്ചു, "പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?" (റോമ. 6:2). **അങ്ങനെ നാം പാപസംബന്ധമായി മരിക്കേണ്ടതിന്ന്** എന്നാണ് പത്രൊസ് എഴുതിയത്. ക്രിസ്ത്യാനിയുടെ സ്നാനത്തിന്റെ ഫലമായി "നാം ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ" എന്ന് പൗലൊസ് പറയുന്നു (റോമ. 6:4). പത്രൊസ് എഴുതി "അങ്ങനെ നാം ..." **നീതിക്കായി ജീവിക്കേണ്ടതിന്ന്**. ഒരു വിശ്വാസി സ്നാനം ഏൽക്കുമ്പോൾ, അയാൾ പാപസംബന്ധമായി മരിക്കുന്നു. 1 പത്രൊസിനെ ഈ വേദഭാഗവും റോമർ 6:2-4 ഉം തമ്മിലുള്ള സാമ്യം വ്യാഖ്യാനങ്ങളിൽ സാധാരണ കാണാം; അവരുടെ ചർച്ചകളിലൊന്നും സ്നാനത്തെ കുറിച്ച് പറയാതിരിക്കുന്നത് നമ്മെ വിസ്മയിപ്പിക്കുന്നു. *അപോജിനോമായി* എന്ന ക്രിയയുടെ അയോറിസ്റ്റ് പാർട്ടിസിപ്പിളാണ് പത്രൊസിലുള്ളത്, അത് "നാം മരിക്കേണ്ടതിന്" എന്നു പറഞ്ഞിരിക്കുന്നത് പൗലൊസ് ഉപയോഗിച്ച വാക്കിനേക്കാൾ ബലഹീനമാണ്. ആ വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമാണുള്ളത്, "ഉപേക്ഷിക്കുക," അല്ലെങ്കിൽ "കാര്യമില്ല" എന്ന് കാണിക്കുന്നു. "അങ്ങനെ പാപം നാം പിന്നിൽ വിട്ട്, നീതിക്ക് ജീവിക്കേണ്ടതിന്ന്" എന്ന പത്രൊസിന്റെ വാക്കുകളുടെ തർജ്ജിമ നീതി പുലർത്തുന്നതാണ്. സ്നാനഭാഷ വ്യക്തമാണ്. യേശുവിനെ കർത്താവായി സ്വീകരിച്ചിരിക്കുന്നവർ ധാർമ്മികതയിലും നീതിയിലും പരാജയപ്പെടാതിരിപ്പാൻ തന്റെ വായനക്കാരോട് പത്രൊസ് പറഞ്ഞു. അവർ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റപ്പോൾ അവർ പാപത്തെ എന്നേക്കുമായി പിന്നിലാക്കി. ക്രിസ്തുവിലുള്ള ജീവിതം നീതിയാണ് ആവശ്യപ്പെടുന്നത്.

**വാക്യം 25.** 2:21–25 വരെ, യെശയ്യാവ് 53 ന്റെ പശ്ചാത്തലത്തിൽനിന്നകന്നു പോയിരുന്നില്ല. എങ്കിലും, 2:24 ന്റെ അവസാന വാക്കുകളിൽ, "അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യമായി" എന്നതും, ഈ വാക്യത്തിലെ ആദ്യ വാക്കുകളിലും, യെശയ്യാവ് വ്യക്തമായി പറയുന്നു: "അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു, നാമെല്ലാവരും ആടുകളെ പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു" (യെശ. 53:5, 6). **നിങ്ങൾ ആടുകളെപോലെ തുടർച്ചയായി തെറ്റിപ്പോയിരുന്നു** എന്നത് പൗലൊസ് നൽകിയ അതേ ഉപദേശം തന്നെയായിരുന്നു. പൗലൊസ് എഴുതി, "ഒരു വ്യത്യാസവും ഇല്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു" (റോമ. 3:23). "തുടർച്ചയായി തെറ്റിപ്പോയിരുന്നു" എന്നു തർജ്ജിമ ചെയ്തത് ഗ്രീക്കിൽ വർത്തമാനകാല പാർട്ടിസിപ്പിൾ ആയിരുന്നു ഉപയോഗിച്ചത്.[18] മനുഷ്യരുടെ പാപങ്ങളെ യേശു വഹിച്ചു, എന്നാൽ അവരുടെ ഭാഗത്ത് എല്ലായ്പോഴും അവർ ദൈവത്തിൽനിന്നും അകന്നു പോയത്, മൽസരവും പാപവും നിമിത്തം നഷ്ടപ്പെട്ടതിനാലാണ്.

**ഇപ്പോൾ നിങ്ങൾ മടങ്ങി വന്നിരിക്കുന്നു,** എന്ന് അപ്പൊസ്തലൻ പറഞ്ഞപ്പോൾ, തന്റെ വായനക്കാരുടെ പരിവർത്തന സമയം അവൻ ഓർപ്പിക്കുകയായിരുന്നു. വർഷങ്ങൾക്ക് മുൻപ് കർത്താവ് സ്വർഗാരോഹണം ചെയ്തശേഷമുള്ള ആഴ്ച്ചകളിൽ പത്രൊസ് ഉപയോഗിച്ച അതേ വാക്ക് ആണ് ഇപ്പോൾ "മടങ്ങി" (*എപിസ്ട്രെഫോ*) എന്ന വാക്കിന് ഉപയോഗിച്ചതായി തർജ്ജിമ ചെയ്തത്. യെരുശലേം ദൈവാലയ പ്രാകാരത്തിനു പുറത്തു വെച്ച് പത്രൊസും യോഹന്നാനും ഒരു മുടന്തനെ സൗഖ്യമാക്കി. ശലോമോന്റെ മണ്ഡപത്തിൽ ജനം കൂടി വന്നപ്പോൾ പത്രൊസ് അവരോട് പ്രസംഗിച്ചു, "നിങ്ങളുടെപാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു [അവർ] തിരിഞ്ഞുകൊൾവിൻ" എന്നു പറഞ്ഞു (പ്രവൃ. 3:19). ഈ വാക്യത്തിൽ "മടങ്ങുക" എന്നതിന് ഉപയോഗിച്ച വാക്ക് തന്നെയാണ് പ്രവൃത്തികൾ 3:19–ൽ "തിരിഞ്ഞുകൊൾവിൻ" എന്ന് തർജ്ജിമ ചെയ്തിരിക്കുന്നത്. ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ബലഹീനരാകുമ്പോൾ, തങ്ങളുടെ ദിശാബോധം നഷ്ടപ്പെടുമ്പോൾ, അവർ സ്നാനത്താൽ കർത്താവിനെ ഹൃദയങ്ങളിൽ സ്വീകരിച്ചതും ആത്മാവ് അവരുടെ ഉള്ളിൽ വന്നതും ഓർക്കുന്നത് അവർക്ക് സഹായകരമാകും. നിരാശയിലായി ചഞ്ചലപ്പെട്ടുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളെ സംബോധന ചെയ്തുഎബ്രായലേഖകൻ പറഞ്ഞു, "നിങ്ങൾ പ്രകാശനം ലഭിച്ച ശേഷം നിന്ദകളാലും പീഢകളാലും കൂത്തുകാഴ്ച്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്ക് കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊൾവിൻ" (എബ്രാ. 10:32). "കഷ്ടത എന്ന വലിയ പോരാട്ടത്തിൽ" കൂടെയായിരുന്നു പത്രൊസിന്റെ വായനക്കാർ കടന്നുപോയ്ക്കൊണ്ടിരുന്നത്, കാരണം അവർ സ്വീകരിച്ചു എന്നതായിരുന്നു. നിങ്ങളും "തെറ്റിപ്പോയ ആടുകളെ" പോലെയായിരുന്നു, "എന്നാൽ ഇപ്പോൾ നിങ്ങൾ മടങ്ങി വന്നിരിക്കുന്നു" എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്.

ആടുകളുടെ ഭാവന ബൈബിളിൽ സ്ഥിരമായതും ആഴമേറിയതുമാണ്. നടത്തിപ്പുകാരന്റേയും സംരക്ഷകന്റേയും ആവശ്യമുള്ള നിസഹായരും വിധേയപ്പെട്ടവരുമാണ് ആടുകൾ. അപകടവും, രോഗവും, മരണവും സംഭവിക്കുമ്പോൾ, ആളുകൾ തങ്ങളുടെ നിസഹായത തിരിച്ചറിയുന്നു. ചിലപ്പോൾ, അസാധാരണ നിഗളവും, സ്വയം-പര്യാപ്തതയും വരുമ്പോൾ, താഴ്മയും

അനുസരണവും ആവശ്യപ്പെടുന്നു. പത്രൊസ് സംബോധന ചെയ്ത ജാതികളിൽനിന്നു വന്ന ക്രിസ്ത്യാനികൾക്ക്, യിസ്രായേലിൽ പൊതുവേ കാണപ്പെട്ട ആടുകളെ മേക്കുന്നത് ഒരുപക്ഷെ പരിചയം കാണുകയില്ലായിരിക്കാം. എന്നാൽ ജാതികളിൽനിന്ന് ക്രിസ്ത്യാനികളായവർ ആദ്യം യിസ്രായേലിന്റെ ഭാഷ മനസിലാക്കിയിരുന്നു. പഴയനിയമം ക്രിസ്തീയ പുസ്തകമായിരുന്നു. പഴയ നിയമ ദൃഷ്ടാന്തം പത്രൊസിന്റെ വായനക്കാർ നഷ്ടപ്പെടുത്തിക്കാണുകയില്ല. "നിങ്ങൾ തുടർച്ചയായി ആടുകളെ പോലെ തെറ്റിപ്പോയിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങൾ മടങ്ങി വന്നിരിക്കുന്നു."

പിന്നീട് പത്രൊസ് സഭയിലെ മൂപ്പന്മാരെ "ഇടയന്മാർ" എന്നും "മേയ്ക്കുന്നവർ" എന്നും വിളിച്ചിരിക്കുന്നു (5:1–3). ഇംഗ്ലീഷ് തർജ്ജിമയിലെ വാക്കുകൾ ഗ്രീക്കിലേതു പോലെ വ്യക്തമല്ല. 5:2-ൽ "ഇടയൻ" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് യേശു ഉപയോഗിച്ച **ഇടയൻ** (*പോയ്മെൻ*) എന്നതിന്റെ ക്രിയാ രൂപമാണ്, **രക്ഷകർത്താവ്** (*എപിസ്കോപോസ്*) എന്നതിന്റെ ക്രിയാരൂപമാണ് "മേയ്ക്കുക" എന്ന വാക്ക്. "രക്ഷകർത്താവ്" എന്ന വാക്ക് "അദ്ധ്യക്ഷൻ" എന്നും (കെജെവി) "മേൽനോട്ടക്കാർ" (എൻഐവി) എന്നും തർജ്ജിമ ചെയ്തിരിക്കുന്നു. യേശു സഭയുടെ സാർവ്വലൗകിക തലയായിരിക്കുന്നതു പോലെ സേവനം ചെയ്യുന്നവരാണ് ഒരർത്ഥത്തിൽ മൂപ്പന്മാർ. ക്രിസ്ത്യാനികൾക്ക് കഷ്ടത അനുഭവപ്പെടുമ്പോൾ, അവരെ സംരക്ഷിക്കുന്ന "രക്ഷകർത്താവും ഇടയനും" ആയവൻ അവരെ കാത്തുകൊള്ളും എന്ന ധൈര്യം അവർക്കുണ്ടായിരുന്നു. തീർച്ചയായും, അവരുടെ കഷ്ടത "മുഖ്യ ഇടയനായവന്റെ" സന്ദർശനം വേഗത്തിലാക്കുന്നു (4:17–19; 5:4).

## പ്രായോഗികത

### കീഴടങ്ങി; ദൈവഭക്തിയോടെ ജീവിക്കുക (2:13-25)

ഏതു ആശയമാണ് കൂടുതൽ കുഴപ്പം വരുത്തുന്നത് എന്നറിയുക പ്രയാസമാണ്: കീഴടങ്ങൽ അല്ലെങ്കിൽ അധികാരം. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം ചരിത്രകാരനായിരുന്ന ജോസെഫസ് വെസ്പേഷ്യനെ കുറിച്ച് വിവരിച്ച് എഴുതിയിരിക്കുന്നു, അവൻ അടുത്തു തന്നെ റോമൻ ചക്രവർത്തിയാകുവാനിരുന്ന ആളായിരുന്നു, അതുകൊണ്ട്, അധികാരത്തിലിരിക്കുക എന്നാൽ എന്താണെന്നും അധികാരത്തിൻ കീഴിലായിരിക്കുക എന്നാൽ എന്താണെന്നും അറിഞ്ഞ മനുഷ്യനായിരുന്നു അയാൾ.[19] ദിശ സ്വീകരിക്കുകയും ദിശ നൽകുകയും ചെയ്യലും, അധികാരത്തിൻ കീഴിലായിരിക്കുകയും അധികാരമുള്ളവനായിരിക്കുകയും ചെയ്യൽ ജീവിതത്തിന്റെ ഭാഗമായിരുന്നു.

ക്രിസ്തീയ ജീവിതത്തിൽ ആവശ്യമായ ഘടകമായിരുന്നു കീഴടങ്ങൽ എന്ന് പത്രൊസ് തന്റെ വായനക്കാരെ ബോധ്യമാക്കി. സഭയിൽ ക്രിസ്ത്യാനികൾ ക്രിസ്തുവിന് കീഴടങ്ങണം, പിന്നെ അവർ ദൈവജനത്തെ മേയ്ക്കുന്ന മൂപ്പന്മാർക്ക് കീഴടങ്ങണം. സമൂഹത്തിൽ അവർ ആഗ്രഹിക്കുന്ന നീതിയല്ല നടക്കുന്നതെങ്കിലും, ദേശത്തിന്റെ നിയമത്തിന് കീഴ്പ്പെടണം. വീടായാലും ജോലിസ്ഥാപനമായാലും സുഗമമായ നടത്തിപ്പിനു ചുമതലകൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഏതൊരു കൂട്ടം ആളുകളും ശരിയായി പ്രവർത്തിക്കുവാൻ നേതൃത്വം ആവശ്യമാണ്. നേതൃത്വം ഫലപ്രദമാകുവാൻ കീഴടങ്ങൽ ആവശ്യമാണ്. അധികാരത്താൽ ശക്തി ചെലുത്തി വരുത്തേണ്ടതല്ല കീഴടങ്ങൽ.

ക്രമവും പുരോഗതിയും ആഗ്രഹിക്കുന്നു എങ്കിൽ, സ്വന്തം ഇഷ്ടത്തെ മാറ്റി താഴ്മ ധരിക്കണം.

**യേശുവിന്റെ പ്രത്യേക അവകാശം (2:24, 25)**

മനുഷ്യ ജീവിതത്തിൽ പ്രത്യേക സംഭവം ഉണ്ടായില്ലെങ്കിൽ മനുഷ്യവർഗത്തിനായി സാർവ്വദേശിയമായ ഒരു സന്ദേശം ലഭിക്കുന്നില്ല. എല്ലാ ഗുരുക്കന്മാരിലും വെച്ച് യേശു വലിയ ഗുരുവാണെന്നതിലുപരിയാണ് യേശുവിനെ ഏറ്റു പറയുന്നത് തെളിയിക്കുന്നത്. അവതരിക്കപ്പെട്ട ദൈവപുത്രനെന്നായിരുന്നു അവൻ അവകാശപ്പെട്ടത്. അവനു മാത്രമെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിപ്പാൻ കഴിഞ്ഞുള്ളു (2:24, 25). ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുന്നതിനു വേണ്ടിയാണ് അവൻ ഉയർത്തെഴുന്നേറ്റത്. ലോകത്തുള്ള ഏതൊരു മതത്തിനും നൽകുവാൻ കഴിയാത്ത ശക്തമായ സന്ദേശമാണ് ക്രിസ്തുവിന്റേത്. സാധ്യതയുള്ള മതപരമായ ചടങ്ങുകളിൽനിന്നു തിരഞ്ഞെടുക്കാവുന്ന ഒന്നല്ല ക്രിസ്ത്യാനിത്വം. മനുഷ്യർ രക്ഷിക്കപ്പെടുവാൻ വേറൊരു നാമമില്ല (പ്രവൃ. 4:12; യോഹ. 14:6). "... ക്രിസ്തുവിന്റെ പ്രത്യേകത നിഷേധിക്കുന്നത് ദൗത്യത്തിന്റെ ഞരമ്പ് മുറിക്കുന്നതിനു തുല്യവും അധികപ്പറ്റുമാണ്. നേരെ മറിച്ച്, അവന്റെ പ്രത്യേകത ഉറപ്പിക്കൽ, അവനെ സർവ്വ ലോകത്തിലും അറിയിക്കേണ്ട അടിയന്തിരത്തെ സൂചിപ്പിക്കുകയാണ്."[20]

---

കുറിപ്പുകൾ

[1]ഐ.എൻ. കാർമാൻ, "വി ആർ ബട്ട് സ്ട്രേയിങ് പിൽഗ്രിംസ്," *സോങ്സ് ഓഫ് ദ ചർച്ച്*, കോമ്പ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [2]ചാൾസ് എച്ച്. എച്ച്. സ്കോബീ, *ദ വെയ്സ് ഓഫ് അവർ ഗോഡ്: ആൻ അപ്റോച്ച്ടു ബിബിളിക്കൽ തിയോളജി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 2003), 506. [3]ഉദാഹരണമായി, പൗലൊസ് എഴുതി, "ഞാൻ കിലിക്യയിലെ തർസൊസ് എന്ന പ്രസിദ്ധ നഗരത്തിലെ പൗരനായ യെഹൂദനാകുന്നു" (പ്രവൃ. 21:39). [4]ജെ. രാംസെ മൈക്കിൽസ്, *1 പീറ്റർ, വേർഡ് ബിബിളിക്കൽ കമെന്ററി*, വാല്യം 49 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1988), 114. [5]"സന്ദർശനം" എന്ന വാക്ക് (*എപിസ്കോപെ*) "മേയ്ക്കുന്നവൻ" അല്ലെങ്കിൽ "അദ്ധ്യക്ഷൻ" (*എപിസ്കോപോസ്*) എന്നു തർജ്ജിമ ചെയ്തിരിക്കുന്ന മൂല വാക്കിൽനിന്നു വന്നതാണ്, 1 തിമൊഥെയൊസ് 3:1 ലെ *എപിസ്കോപെ* എന്നു പറഞ്ഞിരിക്കുന്നത് മേയ്ക്കുന്നവൻ എന്ന അർത്ഥത്തിലാണ്, എന്നാൽ പ്രവൃത്തികൾ 1:20-ൽ അത് അപ്പൊസ്തലൻ എന്ന അർത്ഥത്തിലുമാണ്. [6]ബി. സി. 509-ൽ, റോമാക്കാർ അഹങ്കാരിയായിരുന്ന അവരുടെ അവസാനത്തെ രാജാവ് ട്രാക്വിനെ പുറത്താക്കി. അങ്ങനെ റോമൻ റിപ്പബ്ലിക്ക് ആയി. രാജാക്കന്മാർ ഇനി ഒരിക്കലും റോമിൽ വീണ്ടും ഉണ്ടാകുകയില്ല എന്ന ചിന്തയിലായിരുന്നു റോമാക്കാർ. പുതിയ നിയമ കാലയളവിൽ റിപ്പബ്ലിക്ക് നിലനിന്നിരുന്നു. സൈദ്ധാന്തികമായി ചക്രവർത്തി "പ്രഥമ പൗരനായിരുന്നു," വാസ്തവത്തിൽ, ചക്രവർത്തിയായിരന്നു സൈന്യത്തെ നിയന്ത്രിച്ചിരുന്നത്, അതിനാൽ ശക്തി ചക്രവർത്തിയിലായിരുന്നു. [7]അഞ്ചു പ്രദേശങ്ങൾ 1:1-ൽ പറഞ്ഞിരിക്കുന്നത് നാല് പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്നവയായിരുന്നു (*മുഖവുര* നോക്കുക). [8]എൻഏഎസ്ബിയിൽ പുല്ലിംഗ ക്രിയാവിശേഷണം പ്രയോഗത്തിൽ ഉപയോഗിച്ചി

രിക്കുന്ന "സകല ജനവും" താൽപര്യം ജനിപ്പിക്കുന്നു. ക്രിയാവിശേഷണം കെജെവിയിൽ ഉള്ളതുപോലെ "സകല പുരുഷന്മാരും" എന്നാണ്. എൻആർഎസ്‌വിയും, എൻഐവിയും വാക്കുകളും പ്രയോഗങ്ങളും ലിംഗപരമായി ഉപയോഗിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. "സഹോദരൻ" എന്നതിനുള്ള ഗ്രീക്ക് തർജിമ ചെയ്തിരിക്കുന്നത് "സഹോദരീ സഹോദരന്മാർ" എന്നാണ്. "പുരുഷന്മാർ" എന്നത് "ജനം" എന്നും തർജിമ ചെയ്യും, ഇങ്ങനെ പോകുന്നു അവ. എൻഏഎസ്ബിയിലെ "എല്ലാ ആളുകളും" ചിത്രീകരിക്കുന്നത് ഗ്രീക്കിൽ പറഞ്ഞിരിക്കുന്നത് കാര്യമാക്കാതിരിക്കുകയോ, എബ്രായഭാഷയിൽ പൊതുലിംഗം ഉപയോഗിക്കുന്ന രീതി ഉണ്ടായിരുന്നതുകൊണ്ടോ ആകാം. ഇംഗ്ലീഷിലും അങ്ങനെ ആണെന്ന് വാദിച്ചേക്കാം. മുൻകാലങ്ങളിൽ "അവൻ" എന്നത് ഒന്നുകിൽ "അവൻ" അല്ലെങ്കിൽ "അവൾ" എന്നോ, "പുരുഷന്മാർ" എന്നത് "ജനങ്ങൾ" എന്നോ ആണ് ഉപയോഗിച്ചിരുന്നത്. ഗ്രീക്ക് പുല്ലിംഗം ലിംഗപരമായി വേർതിരിക്കുന്നത് ശരിയോ എന്നതല്ല ചോദ്യം. എൻഏഎസ്ബി അങ്ങനെയാണ് ഉപയോഗിച്ചിരിക്കുന്നത്. രാഷ്ട്രീയപരമായും സംസ്ക്കാരപരമായും മാറ്റം വന്നിരിക്കുന്ന സാഹചര്യത്തിൽ തർജിമക്കാർ തങ്ങളുടെ ഭാഷ എത്രത്തോളം ഉപയോഗിക്കാം എന്നതാണ് ചിന്ത. [9]"ഏറ്റു പറച്ചൽ" കൊണ്ട് നാം അർത്ഥമാക്കുന്നത്, വായ്കൊണ്ടു നടത്തുന്ന പ്രസ്താവനയിലധികമാണ്. അതിൽ അന്തർലീനമായിരിക്കുന്നതെല്ലാം ഏറ്റുപറച്ചലിൽ ഉൾപ്പെടുത്തുന്നു: വിശ്വാസം, സ്നേഹം, പുതുജനനം, അനുസരണം മുതലായവ. [10]സ്കോബി, 847.

[11]പത്രൊസ് ഇവിടെ സാങ്കേതികമായി ഒരു പാർട്ടിസിപ്പിൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ("നിങ്ങൾ തന്നെ കീഴടങ്ങിക്കൊണ്ട്"), 2:13-ൽ അവൻ ചെയ്തതുപോലെ ആജ്ഞാരൂപത്തിലല്ല പറഞ്ഞത് ("നിങ്ങൾ കീഴടങ്ങുക"), സന്ദർഭം അർത്ഥത്തിൽ വ്യത്യാസം വരുത്തുന്നില്ല. പണ്ഡിതന്മാർക്കിടയിൽ ധാരാളം ചർച്ചകൾ നടന്നിട്ടുള്ള വിഷയമാണ് പത്രൊസ് ഉപയോഗിച്ച ആജ്ഞാരൂപത്തിലുള്ള പാർട്ടിക്കിളുകൾ. [12]നോക്കുക മൈക്കിൾസ്, 138. [13]നോക്കുക, ഉദാഹരണമായി, വെയിൻ ഏ, ഗ്രൂഡെം, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പീറ്റർ: ആൻ ഇൻട്രൊഡക്ഷൻ ഓഫ് കമെന്ററി*, ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം 17 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 124. [14]നല്ല-രേഖയുടെ പഠനത്തിന്, നോക്കുക, റിച്ചാർഡ് ഏ. ഹോഴ്സ്ലേ, "ദ സ്ലേവ് സിസ്റ്റംസ് ഓഫ് ക്ലാസിക്കൽ ആന്റികിറ്റി ആന്റ് ദെയർ റിലക്റ്റന്റ് റിക്കഗ്നീഷൻ ബൈ മോഡേൺ സ്ക്കോളേഴ്സ്," സേമെയിയാ 83/84 (1998): 19–66. [15]നോക്കുക എബ്രായർ 10:2, അവിടെ ഒരു സമാന്തര പ്രയോഗം തർജിമ ചെയ്തിരിക്കുന്നത് " പാപബോധം'' എന്നാണ് നോക്കുക വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ, (ഷിക്കാഗോ: യുണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 967. [16]ജെ. എൻ. ഡി. കെല്ലി, *ഏ കമെന്ററി ഒൺ ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ഓഫ് ജൂഡ്,* ബ്ലാക്സ് ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1969), 117. [17]ഇഗ്നേഷിയസ് *എഫേഷ്യൻസ്* 10.3. [18]ഇംഗ്ലീഷ് വാക്കായ "പ്ലാനെറ്റ്" ഗ്രീക്ക് ക്രിയ *പ്ലാനാവോ* യിൽനിന്ന് വന്നതാണ്, അതിനർത്ഥം "തെറ്റുക." ദൈവം ഉറപ്പിച്ചിരിക്കുന്ന നക്ഷത്രങ്ങൾക്ക് സ്ഥാന ചലനം സംഭവിക്കുന്നതു കാണുമ്പോൾ പണ്ടുള്ളവർ അതിശയിച്ചിട്ടുണ്ട് (ജൂഡ് 13 ന്റെ പരാമർശം നോക്കുക). അവർ വിവിധ ഗൃഹങ്ങളെ അവരുടെ ദേവന്മാരാക്കി മാറ്റിയിരുന്നു. [19]ജോസെഫസ് *വാഴ്സ്* 4.10.2. [20]ജോൺ സ്റ്റോട്ട്, *ദ കണ്ടെംപ്രറി ക്രിസ്റ്റ്യൻ* (ലേയിസെസ്റ്റർ, യു. കെ.: ഇന്റർ വാഴ്സിറ്റി പ്രസ്, 1992), 316.